

# അധികാരം ജനങ്ങളിലേക്ക്

## 9-ാം പദ്ധതി ജനകീയ പദ്ധതി

# വികസനസെമിനാർ റിപ്പോർട്ട്

**1996 ഡിസംബർ 10**

കുന്നത്തുനാട് ഗ്രാമ പഞ്ചായത്ത്

"ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ കുടികൊള്ളുന്നു"

മഹാത്മാഗാന്ധി


കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്
തിരുവാണിയൂർ പഞ്ചായത്ത്
കിഴക്കമ്പലം പഞ്ചായത്ത്
പെരിങ്ങാല
പുത്തൻകുരിശ്
ചോറ്റാനിക്കര
വടവുകോട് പുത്തൻകുരിശ് ബ്ലോക്ക് പഞ്ചായത്ത്
പട്ടിമറ്റം
കുന്നത്തുനാട് പഞ്ചായത്ത്
മഴുവന്നൂർ
തിരുവാണിയൂർ
കിഴക്കമ്പലം
പെരിങ്ങാല
വടവുകോട് പുത്തൻകുരിശ് ബ്ലോക്ക് പഞ്ചായത്ത്
I
II
III
IV
V
VI
VII
VIII
IX
X
XI

# കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

# വികസന സെമിനാർ റിപ്പോർട്ട്

കേരള സംസ്ഥാനത്തിന്റേയും ആസൂത്രണ പ്രക്രിയയുടേയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നാം വിജയകരമായി തുടക്കം കുറിച്ചിരിക്കുകയാണ്. ഭരണഘടനയുടെ 73, 74 ഭേഗതികളുടെ ചട്ടക്കൂടിനുള്ളിൽ രൂപീകരിക്കപ്പെട്ട പഞ്ചായത്തു / മുനിസിപ്പൽ സമിതി നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്നു കഴിഞ്ഞു. ഈ ചുരുങ്ങിയ കാലത്തെ അനുഭവങ്ങൾ തന്നെ സൂചിപ്പിക്കുന്നത് ഗാന്ധിജി വിഭാവനം ചെയ്ത ജനാധിപത്യ അധികാര വികേന്ദ്രീകരണ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഒട്ടേറെ പ്രതിബന്ധങ്ങൾ ഇനിയും നിലനിൽക്കുന്നുണ്ട് എന്നതാണ്.

ഇന്ത്യ സ്വതന്ത്രയായതിനു ശേഷം ആരംഭിച്ച പഞ്ചവൽസര പദ്ധതികൾ ഒരു പരിധി വരെ വികസനത്തെ സഹായിച്ചിട്ടുണ്ട്. എട്ടു പഞ്ചവൽസര പദ്ധതികൾ പിന്നിടാൻ പോകുകയാണ്. ഇതിനു ചിലവഴിച്ച തുകയുടെ മുപ്പതു ശതമാനം പോലും ജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടില്ല എന്ന സത്യം മറച്ചുവച്ചിട്ടു കാര്യമില്ല. കേന്ദ്ര ഗവൺമെൻറിന്റെ സ്ഥിതി വിവര കണക്കുകൾ പ്രകാരം 15 % വും സംസ്ഥാന ഗവൺമെൻറിന്റെ കണക്കുകൾ പ്രകാരം 35% വും മാത്രമെ പ്രയോജനപ്പെടുന്നുള്ളു. അതായത് 1 രൂപ കേന്ദ്രം ചിലവഴിക്കുമ്പോൾ 15 പൈസയും സംസ്ഥാന ഗവൺമെൻറ് ചിലവഴിക്കുമ്പോൾ 35 പൈസയും മാത്രമെ ജനങ്ങളിൽ എത്തിച്ചേരുന്നുള്ളു. ജനപങ്കാളിത്തമില്ലായ്മയാണ് ഇതിനു മുഖ്യകാരണം, വിവിധ വകുപ്പുകൾ തമ്മിൽ പരസ്പര ബന്ധമില്ലാതെ പ്രവർത്തിക്കുന്നതും മറെറാരു കാരണമാണ്. വിഭവ പരിമിതി കണക്കിലെടുക്കാതെ ഓരോരോ വകുപ്പും പദ്ധതി തയ്യാറാക്കുകയും ഒന്നും പൂർത്തിയാകാത്ത അവസ്ഥ സംജാതമാകുകയും ചെയ്തു. ഇതിനെല്ലാം ശാശ്വതമായ പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനായി വികേന്ദ്രീകരണ ആസൂത്രണമെന്ന നൂതന ആശയത്തിലൂടെ നാം നീങ്ങുകയാണ്.

ഒരു ജനതയുടെ സാമൂഹികവും, സാമ്പത്തികവും, സാംസ്കാരികവുമായ പുരോഗതിയാണ് വികസനം. ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ ഇതിന്റെ ആദ്യഘടകങ്ങളാണ്. കാർഷിക വ്യവസായ മേഖലകളുടെ ദ്രുതഗതിയിലുള്ള വർദ്ധന ഇതിനാവശ്യമാണ്. സാമ്പത്തികമായി ഉയർന്നാൽ പോരാ. അത് സ്ഥായി ആയിരിക്കുകകൂടി വേണം. ഈ വീക്ഷണത്തിലൂടെയായിരിക്കണം വികസനത്തെ വിലയിരുത്തേണ്ടത്.

ത്രിതല പഞ്ചായത്തുകൾക്ക് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള അധികാരം നൽകുന്നതാണ് ഭരണഘടനയുടെ 175-ാം വകുപ്പ്. ആസൂത്രണം സമഗ്രവും ജനപങ്കാളിത്തപരവും ആകേണ്ടതുണ്ട്. സാമൂഹ്യ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കിവയ്ക്കുകയും ചെയ്യുന്ന പ്രക്രിയയ്ക്കാണ് ആസൂത്രണം എന്നു പറയുന്നത്.

9-ാം പഞ്ചവൽസര പദ്ധതിയുടെ അടങ്കലിന്റെ 35, 40 % തുകക്ക് വരുന്ന വികസന പരിപാടികൾ താഴെത്തട്ടിൽ തന്നെ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം, ഇപ്രകാരം ജനകീയ പങ്കാളിത്തത്തോടെ സ്കീമുകൾ തയ്യാറാക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ ആശയാഭിലാഷങ്ങളോട് കൂടുതൽ അടു

ത്തുനിൽക്കുന്നതും അതുകൊണ്ടുതന്നെ കൂടുതൽ ഫലപ്രദവുമായ പദ്ധതികളും രൂപപ്പെടുത്താനാവും. പക്ഷെ അതുമാത്രമല്ല ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. കാര്യക്ഷമമായ പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുകുന്നതുപോലെ തന്നെ പ്രധാനമാണ് പദ്ധതിയുടെ രൂപീകരണത്തിന്റെ രീതിയും. ജനങ്ങളുടെ മുൻകൈയിൽ വികസനപ്രവർത്തനം; ആസൂത്രണം ചെയ്യപ്പെടുന്നതോടെ പദ്ധതിപ്രവർത്തനങ്ങളോട് അവർക്കിടയിൽ വ്യാപകമായി നിലനിൽക്കുന്ന നിസ്സംഗത മാറുകയും, വികസന പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം വർദ്ധിക്കുകയും ഒരു വികസന സംസ്ക്കാരം വളരുകയും ചെയ്യും. 9-ാം പദ്ധതിയുടെ ഉറപ്പ് ആസൂത്രണം മുതൽ നടത്തിപ്പുവരെ പദ്ധതിപ്രവർത്തനത്തിന്റെ എല്ലാ ഘട്ടങ്ങളിലുമുള്ള ജനപങ്കാളിത്തമായിരിക്കും. ജനകീയ ആസൂത്രണപ്രവർത്തനത്തിന്റെ ഫലമായി ഉണ്ടാകേണ്ട ആദ്യത്തെ ഉൽപന്നം ഓരോ പഞ്ചായത്തിലും ഉണ്ടാകുന്ന സമഗ്രമായ വികസന റിപ്പോർട്ടുകളാണ്. ഇവ റിപ്പോർട്ട് മാത്രമാണ്. വികസന പദ്ധതികളല്ല.എന്നാൽ ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നു വന്നിട്ടുള്ള വികസന പ്രശ്നങ്ങളും, നിർദ്ദേശങ്ങളും ജനങ്ങളുടെ വികസനാന്വേഷണ വിഷയങ്ങളായിരിക്കും.

നമ്മുടെ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ വികേന്ദ്രീകരണ ആസൂത്രണം എങ്ങനെ ഫലപ്രദമായി നടപ്പിലാക്കാം എന്നാലോചിക്കേണ്ടിയിരിക്കുന്നു. ഭൂപ്രകൃതി സാധ്യതകളും ജനകീയാവശ്യങ്ങളും ഇവ കണക്കിലെടുത്ത് പദ്ധതികളും ആവിഷ്കരിക്കണം. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കു പുറമെ സന്നദ്ധസേവകരേയും ഉദ്യോഗസ്ഥൻമാരേയും ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനമാണ് ഈ പഞ്ചായത്തിൽ ഉടനീളം നടക്കുന്നത്.

ഓരോ വാർഡിലും ഗ്രാമസഭ കൂടുന്നതിനും അതിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വേണ്ടി വിപുലമായ സ്വാഗതസംഘങ്ങൾ രൂപീകരിച്ചു. സ്വാഗതസംഘ രൂപീകരണ വേളയിൽ ജനകീയാസൂത്രണപ്രസ്ഥാനം എന്ത്? എന്തിന് ? എങ്ങിനെ എന്നതിനെ കുറിച്ച് വിശദമായ പ്രചരണം നടത്തുകയുണ്ടായി. സ്വാഗതസംഘം പ്രവർത്തകർ ഓരോ വീടുകളിലും കയറി ഇറങ്ങി ഗ്രാമസഭയുടെ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തി. അതിനും പുറമെ ഉച്ചഭാഷിണിയിലൂടെയും, നോട്ടീസ്, പോസ്റ്റർ, ബാനർ എന്നീ പ്രചാരണോപാധികളും വഴിയും ഗ്രാമസഭയുടെ സന്ദേശം ജനങ്ങളിൽ എത്തിച്ചു. സംസ്ഥാന പ്ലാനിംഗ് ബോർഡും സംസ്ഥാന ഗവൺമെൻറും ആലോചിച്ചാണ് ജനകീയാസൂത്രണ പദ്ധതിയുടെ രൂപം നൽകിയത്. ഈ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശികതലത്തിലും ഒന്നാംഘട്ടം പരിശീലനംനടന്നുകഴിഞ്ഞു. കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ നിന്നും സെപ്തം: 10, 11, 12 തീയതികളിൽ ഒന്നാംഘട്ടപരിശീലനത്തിന് താഴെക്കാണുന്ന ആളുകളെ നിയോഗിച്ചു. കോലഞ്ചേരിയിൽ ഡി. ആർ. പി. മാരുടെയും ഉദ്യോഗസ്ഥൻമാരുടെയും 2-ാം ഘട്ട പരിശീലനം നവംബർ 2, 3, 4 തീയതികളിൽ കോലഞ്ചേരി **TTI** യിൽ നടന്നു. തുടർന്നു നവമ്പർ 11 ന് പഞ്ചായത്തുതല ഏകദിന ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. അതിൻപ്രകാരം ഒരു സമയബന്ധിത പരിപാടി തയ്യാറാക്കുകയും ചെയ്തു.

## ജില്ലാതല പരിശീലനത്തിനു നിയോഗിക്കപ്പെട്ടവർ

വി. എ. മോഹനൻ — പ്രസിഡൻറ്, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

ഒ. കെ. ജേക്കബ് — വടവുകോട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

ഗ്രേസി പൗലോസ് — ,,

അഞ്ജലി ദേവി — പഞ്ചായത്ത് മെമ്പർ

ഹരിദാസ് പി. വി. — റിട്ട: ഹെഡ്മാസ്റ്റർ

വി, ജെ. ഫ്രൈസക്ക് മാസ്റ്റർ — അദ്ധ്യാപകൻ

എം. ജി. രാമചന്ദ്രൻ — താലൂക്ക് ഉദ്യോഗസ്ഥൻ

എം. എച്ച്. ഹനീഫ — സന്നദ്ധ പ്രവർത്തകൻ

പി. പി. തങ്കപ്പൻ — ,,

കെ. വി. ഏലിയാസ് — ,,

മാത്യു കുരിക്കൽ — ,,

പഠനപര്യടനം വിവിധതലങ്ങളിലുള്ള ഉദ്യോഗസ്ഥൻമാരുടെയോഗം ദ്വിതീയസ്ഥിതി വിവരകണക്കുകളുടെ ശേഖരണം പഞ്ചായത്തുതല ക്രോഡീകരണം എന്നിവ നടത്തി. കൂടാതെ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ സ്കാഡുകളായി സഞ്ചരിച്ച് ചരിത്രപഠനം, കാരണവ ചർച്ചകൾ എന്നിവയും നടത്തുകയുണ്ടായി.

പെരുമ്പാവൂർ ജില്ലാ പരിശീലന കേന്ദ്രത്തിൽ വച്ച് തന്നെ ഗ്രാമസഭകൾ കൂടുന്നതിന്റെ ഭാവി പരിപാടികൾക്കു് രൂപം നൽകി. തുടർന്നു് 21-9-96 ൽ പഞ്ചായത്തിൽ 70 (എഴുപത്) അംഗങ്ങളെ പങ്കെടുപ്പിച്ച് ഏകദിന ശിൽപശാല നടത്തി. ശിൽപശാലയിൽ വച്ച് പഞ്ചായത്തിലെ 11 വാർഡുകളിലും ഗ്രാമസഭചേരുന്നതിനു തീയതി നിശ്ചയിച്ചു.

## ഗ്രാമസഭകളിലെ പങ്കാളിത്തം

| വാർഡ് | പുരുഷൻ | | സ്ത്രീ | | പട്ടിക/ പുരുഷൻ | | പട്ടിക/ സ്ത്രീ | | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | 103 | | 5 | | 25 | | 2 | | 108 |
| 2 | 110 | | 10 | | 20 | | 1 | | 120 |
| 3 | 117 | | 20 | | 30 | | 6 | | 137 |
| 4 | 55 | | 1 | | 10 | | | | 56 |
| 5 | 110 | | 20 | | 40 | | 6 | | 130 |
| 6 | 94 | | 8 | | 25 | | 3 | | 102 |
| 7 | 130 | | 50 | | 20 | | 3 | | 180 |
| 8 | 170 | | 15 | | 25 | | 4 | | 185 |
| 9 | 105 | | 1 | | 15 | | | | 106 |
| 10 | 134 | | 20 | | 20 | | 5 | | 154 |
| 11 | 125 | | 4 | | 12 | | 2 | | 129 |
| | 1253 | + | 154 | | 242 | + | 33 | = | 1407 |

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ പഠന പര്യടനം, കാരണവർ ചർച്ചകൾ, അച്ചടി മാധ്യമങ്ങൾ, റിസോഴ്സ് മാപ്പ് എന്നിവ എല്ലാം പ്രയോജനപ്പെടുത്തിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്.

# പൊതുവിവരണവും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് |
| റവന്യൂ വില്ലേജ് | — | കുന്നത്തുനാട് വില്ലേജ്<br>പട്ടിമറ്റം വില്ലേജിന്റെ ഏതാനും ഭാഗം |
| ബ്ലോക്ക്, പഞ്ചായത്ത്, ഡിവിഷൻ | — | വടവുകോട് |
| താലൂക്ക് | — | കുന്നത്തുനാട് |
| ജില്ല | — | എറണാകുളം |
| അസംബ്ലി മണ്ഡലം | — | കുന്നത്തുനാട് |
| വിസ്തീർണ്ണം | — | 18.576 ച: കി. മീ. |
| ജനസംഖ്യ | — | 25,475 / 1991 സെൻസസ് |
| വാർഡുകളുടെ എണ്ണം | — | 11 |
| അതിരുകൾ | — | വടക്ക് – കിഴക്കമ്പലം പഞ്ചായത്ത്<br>കിഴക്ക് – മഴുവന്നൂർ ,,<br>തെക്ക് – ഐക്കരനാട്–വടവുകോട് ,,<br>പടിഞ്ഞാറ്– തൃക്കാക്കര ,, |
| പ്രസിഡന്റ് | — | ശ്രീ. വി. എ, മോഹനൻ–വാർഡ് 5 |
| വൈസ് പ്രസിഡന്റ് | — | ശ്രീ. സോമൻ ടി. കെ. വാർഡ് 9 |
| ശ്രീ. ടി. തോമസ് | — | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ വാർഡ് 6 |
| കെ. പി. കോയിത്ത | — | വാർഡ് 1 |
| മുഹമ്മദ്കുഞ്ഞ് കെ. എച്ച്. | — | ,, 2 |
| സോഫി വർഗീസ് | — | ,, 3 |
| സാറാമ്മ കുര്യാക്കോസ് | — | ,, 4 |
| ഞെഞ്ജലി ദേവി | — | ,, 7 |
| കുഞ്ഞുമുഹമ്മദ് എ. കെ, | — | ,, 8 |
| രമ രാജൻ | — | ,, 10 |
| ഹുസൈൻ കെ. എം. | — | ,, 11 |

# ചരിത്ര സാംസ്കാരിക പശ്ചാത്തലം

കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് 11-6-'53 ൽ രൂപീകരിക്കപ്പെട്ടു. തൃക്കാക്കര, കിഴക്കമ്പലം, മഴുവന്നൂർ, വടവുകോട്, പുത്തൻകുരിശ്, ഐക്കരനാട് പഞ്ചായത്തുകൾക്കിടയിലാണ് കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന്റെ വിസ്തൃതി 18.576 ച. കി. മീ. ആണ്. 11 വാർഡുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇത് പട്ടികജാതി സംവരണ പഞ്ചായത്താണ്, കുന്നുകളും, മേടുകളും നിറഞ്ഞ പ്രദേശമാണിത്. പഞ്ചായത്തിന്റെ ആരംഭകാലത്ത് 6 വാർഡുകളാണ് ഉണ്ടായിരുന്നത്. ആദ്യ പ്രസിഡൻറ് സി.ജെ. മാത്യു തരകനും ഇപ്പോൾ പട്ടികജാതി സംവരണക്കാരനായ **V. A.** മോഹനനാണ്.

മലങ്കരയിലെ അതിപുരാതനവും ചരിത്ര പ്രസിദ്ധവുമായ ദേവാലയങ്ങളിൽ ഒന്നായ പള്ളിക്കര വി. മർത്തമറിയം പള്ളി എ. ഡി. 905-ൽ സ്ഥാപിതമായി. ആയിരത്തിൽപരം വർഷം പഴക്കമുള്ള പള്ളിക്കര മുസ്ലീം പള്ളിയും നൂറ്റാണ്ടുകളുടെ പഴക്കമുള്ള കുമാരപുരം ശ്രീസുബ്രഹ്മണ്യ ക്ഷേത്രവും എരുമേലി മഹാവിഷ്ണു ക്ഷേത്രവും മതസൗഹാർദ്ദത്തിന്റെ പ്രതീകമെന്നോണം അടുത്തടുത്തായി സ്ഥിതിചെയ്യുന്നു. പാണ്ഡവരിൽ ചിലർ ഈ ഭാഗത്ത് ഒളിവിൽ വനവാസം അനുഷ്ഠിച്ചുവെന്നും അതിന്റെ സൂചനയെന്നോണം ഈ പ്രദേശത്തിന് കുമാരപുരം എന്നു നാമകരണം ചെയ്തിട്ടുള്ളതാണെന്ന് പഴമക്കാർ വിശ്വസിക്കുന്നു. ഇട്ടിയക്കാട് എന്ന സ്ഥലം V-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു ക്ഷേത്രം അഗ്നിബാധയാൽ നശിച്ചുപോയതായി പഴമക്കാർ പറയുന്നു. ചുറ്റമ്പലത്തിന്റെ അടിത്തറകൾ, വലിയ വിരിക്കല്ലുകൾ വിരിച്ചത്, മണിക്കിണർ എന്നിവ ഇപ്പോഴും കാണാവുന്നതാണ്. ക്ഷേത്രത്തിന്റെ താഴേഭാഗത്ത് വലിയൊരു ചിറയും ഉണ്ട്. ഈ ചിറയുടെ നടുവിൽ ഒരു കിണർ ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു. ക്ഷേത്രത്തിന്റെ കോരോടുകൾ ഉടഞ്ഞ് ചിതറി ക്ഷേത്രപ്രദേശത്ത് കാണുവാൻ കഴിയുന്നുണ്ട്.(ഇഷ്ടികക്കാട്) ഇട്ടിയക്കാട് എന്ന പേരിൽ അറിയപ്പെടുന്നത്. ഈ ക്ഷേത്രമിരിക്കുന്ന പ്രദേശങ്ങൾ പായ്ക്കാട്ട് മനയ്ക്കയായിരുന്നു. ഇപ്പോൾ ഈ മനയുടെ ശേഷക്കാർ വേങ്ങൂരിൽ (കുറുപ്പുംപടി) താമസിക്കുന്നു.

ആറാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഇടപ്പള്ളിപള്ളിയിൽനിന്നും പിരിഞ്ഞ് 9-ാം നൂറ്റാണ്ടിൽ സ്ഥാപിതമായ മോറക്കാലപ്പള്ളിയുടെ സ്ഥാപനത്തെക്കുറിച്ചുള്ള ഐതിഹ്യം ഇപ്രകാരമാണ്. അക്കാലത്ത് ഈ ഭാഗത്ത് മരണപ്പെട്ട ഒരു കുട്ടിയുടെ ശവം അടക്കുന്നതിനായി ഇടപ്പള്ളിപ്പള്ളിയിൽ കഴിയാതെ വന്നതുമൂലം ജഡം തിരിച്ചുകൊണ്ടുവന്നു. അന്നത്തെ ഈ ഭാഗത്തുള്ള പ്രശസ്തമായ ഒരു ജന്മികുടുംബമായിരുന്നു അറക്കൽ തറവാട്ടുക്കാർ. സവർണ്ണ ഹൈന്ദവ കുടുംബത്തിലെ ഗൃഹനാഥയായിരുന്ന ഒരു കുഞ്ഞമ്മ ദാനമായി നൽകിയിട്ടുള്ളതാണ്. ഇന്ന് പള്ളിയിരിക്കുന്നിടത്ത് ശവം മറവുചെയ്യുന്നതിന് സമ്മതിക്കുകയും ക്രമേണ അത് ഈ പള്ളിയുടെ സ്ഥലമായെന്നും വിശ്വസിക്കുന്നു.

അതുപോലെ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഇവിടത്തെ മുസ്ലീം ദേവാലത്തിനും അവർ സ്ഥലം ദാനമായി നൽകിയിട്ടുണ്ട്. നൂറ്റാണ്ടുകൾക്ക് മുമ്പ് നടന്ന ഒരു യുദ്ധത്തിൽ സ്വദേശത്തിനു വേണ്ടി പടനയിച്ച് വീരചരമം പ്രാപിച്ച മുസ്ലീം യോദ്ധാക്കളിൽ ചിലരുടെ ജഡം ഈ മുസ്ലീം ദേവാലയത്തിൽ അടക്കം ചെയ്തിട്ടുള്ളതായും വിശ്വസിക്കപ്പെടുന്നു.

പ്രസിദ്ധമായ സ്വർണ്ണത്തുമനയെന്നറിയപ്പെടുന്ന പുന്നോർക്കോട്ടുമനയും 9-ാം വാർഡിൽ സ്ഥിതിചെയ്യുന്ന നെന്മേനിമനയും ഈ പഞ്ചായത്തിലാണ്.

ആദിജഗദ്ഗുരു ശങ്കരാചാര്യർ പുന്നോർക്കോട്ടുമനയിൽ സന്ദർശിച്ചിരുന്നെന്നും അതിന്റെ മേന്മയെന്നോണം ഈ മനയ്ക്ക് ധാരാളം ഐശ്വര്യങ്ങൾ കൈവന്നിട്ടുണ്ടെന്നും ഇവിടത്തെ അനന്തരാവകാശികളും പ്രദേശനിവാസികളും വിശ്വസി

ച്ചുപോരുന്നു, 12 കെട്ടിൽ നിർമ്മിച്ചിട്ടുള്ള ഇതിന്റെ ശില്പചാതുര്യം വളരെ പ്രസിദ്ധമാണ്. ഇതിനു ഏറെ നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. വൈദ്യുതി ലഭിക്കാതിരുന്ന 1930 കളിൽപ്പോലും ഈ മനയ്ക്കൽ സ്വന്തമായി ജനറേറർ പ്രവർത്തിപ്പിച്ച് ഇലക്ട്രിസിറ്റി ഉല്പാദിപ്പിച്ചിരുന്നു. ഇന്ന് കിഴക്കമ്പലത്തു സ്ഥിതി ചെയ്യുന്ന ഗവ: സ്ഥാപനമായ സ്വർണ്ണത്തു യു. പി. സ്കൂൾ ഈ മനവക ആയിരുന്നു. എന്നതും ശ്രദ്ധേയമാണ്.

പ്രസിദ്ധമായ നെന്മേനി മനയ്ക്കൽ എൻ. ശങ്കരൻ നമ്പൂതിരി ഈ പഞ്ചായത്തിൽ 23 വർഷം മെമ്പറായും 2 വർഷക്കാലം പ്രസിഡൻറായും ദീർഘകാലം സേവനം അനുഷ്ടിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ വിവിധഭോഗങ്ങളിൽ ജന്മിത്തവുമായി ഏറ്റുമുട്ടി കൃഷിഭൂമി സ്വന്തമാക്കിയ കൃഷിക്കാരാണ് അധികവും. എന്നാൽ നെന്മേനി മനയിലെ ഭൂമി കൈവശമുണ്ടായിരുന്ന കൃഷിക്കാർക്ക് യാതൊരു വിധ സംഘർഷ സ്ഥിതിയും ഇല്ലാതെ ഭൂമിയുടെ അവകാശം സിദ്ധിക്കുകയുണ്ടായി എന്നതും ശ്രദ്ധേയമാണ്. കാർഷിക നിയമം വന്നതോടെ സ്ഥിരാവകാശം കിട്ടിയെന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ട വസ്തുതയാണ്.

1956 കളിൽ നടത്തിയ അതിരൂക്ഷമായ കർഷക സമരങ്ങളും ഈ പഞ്ചായത്തിലെ അവിസ്മരണീയമായ ഓർമ്മകളാണ്, വാരം, പാട്ടം എന്നിവ വെട്ടിക്കുറയ്ക്കുക, കുടി ഒഴിപ്പിക്കൽ അവസാനിപ്പിക്കുക, കൃഷിഭൂമി കൃഷിക്കാരന് നൽകുക എന്നീ ആവശ്യങ്ങളും മുൻനിർത്തി ഭോഗക്കാല മേഖലകളിൽ പന്തപ്പാക്കൽ മാണി, ചിറേത്ത് തരകന്മാർ മറ്റിതര ജന്മിവാഴ്ചയ്ക്കുമെതിരെ, പി. ഗോവിന്ദപ്പിള്ള, കെ. പി പടനായർ, ബി. എസ്. ശങ്കർ, പി. പി. ഇബ്രാഹിം, കെ. പി. കൊച്ചുണ്ണി, എൻ. പാപ്പു, എം. കെ. വേലായുധൻ. പി. വി. ഇട്ടൂപ്പ്, എം. വി. മാത്യു എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പോരാട്ടങ്ങളും അവിസ്മരണീയങ്ങളാണ്. ചിറേത്ത് (ചാത്തക്കാട്ട്) ഇത്താപ്പിരി തരകനും നാലുകെട്ടിലെ തരകന്മാരും കൊടിയ പോലീസ് ഗുണ്ടാ മർദ്ദനങ്ങളും കള്ളക്കേസുകളും ഉണ്ടാക്കിയിട്ടും ബീഡി തൊഴിലാളികളും പാവപ്പെട്ടവരുമായ സാധാരണക്കാർ കേരളകർഷകസംഘത്തിന്റെ നേതൃത്വത്തിൽ നടത്തിയജന്മിത്തവിരുദ്ധസമരംവിജയിക്കുകയും വളരെപ്പേർക്കു ഭൂമി സ്വന്തമായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. കർഷകസംഘം പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയായി മാറി. ചിറ്റനാട് പ്രദേശത്ത് 77 കളിൽ നടന്ന കർഷകതൊഴിലാളികളുടെ കൂലിയ്ക്കും ജോലിസമയം ലഘൂകരിക്കാനും നിശ്ചയിക്കാനും നടത്തിയ സമരം എറണാകുളം ജില്ലയിലെ കർഷകത്തൊഴിലാളി സമരങ്ങളുടെ മുന്നണിയിൽ നേട്ടങ്ങളോടെയാണ് അവസാനിപ്പിച്ചത്.

രണ്ട് മാസങ്ങളോളം നീണ്ടുനിന്ന സമരം മൂലം പട്ടിണിയിലായ തൊഴിലാളികൾക്ക് നാടിന്റെ നാനാഭോഗങ്ങളിൽനിന്നും ഉല്പന്നങ്ങളായും മറ്റു പലവിധത്തിലും സഹായം കിട്ടിയിരുന്നു. ചെറുകിട കൃഷിക്കാരും തൊഴിലാളികളും തമ്മിൽ വലിയൊരു വിടവ് ഈ സമരം മൂലമുണ്ടായിട്ടുണ്ട്.

കർഷകതൊഴിലാളികളുടെ സമരം നയിച്ചത് ശ്രീ. റ്റി. തോമസ്, ശ്രീ. p. V. ഇട്ടൂപ്പ് എന്നിവരായിരുന്നു. ചെറുകിട കർഷകരുടെ നേതാക്കൾ ശ്രീ. വി. ജെ. ഐസക്ക്, ശ്രീ. വി. എം. ജോൺ എന്നിവരുമായിരുന്നു. കൂട്ടനാടും പൊക്കാളിപ്പാടങ്ങളും അനുവർത്തിക്കുന്ന 6 മണിക്കൂർ ജോലി സമയവും മറ്റു വ്യവസ്ഥകളും അംഗീകരിച്ച് നടപ്പാക്കുന്നതിനു വേണ്ടി നടത്തിയ ഈ സമരം കർഷകതൊഴിലാളി രംഗത്തെ അവിസ്മരണീയ സമരങ്ങളിലൊന്നാണ്. പ്രാദേശിക സമരമായിരുന്നെങ്കിലും ഇത് പഞ്ചായത്തിലുടനീളം വ്യാപിച്ചിരുന്നു.

കൊച്ചിയുമായി ജലമാർഗ്ഗം വഴി വ്യാപാരബന്ധമുണ്ടായിരുന്ന പ്രദേശമാണ് പള്ളിക്കര. പ്രസിദ്ധമായ പള്ളിക്കര വെറ്റില ചന്ത ഇന്ന് ഓർമ്മയിൽ മാത്രമായി. ജലഗതാഗതവും ഇല്ലാതായി. ചുരുക്കമായി നടത്തപ്പെടുന്ന ജലഗതാഗതം മനക്കക്കടവു പാലം ഭാഗത്തു ശേഖരിക്കപ്പെടുന്ന ചെങ്കല്ല് വള്ളത്തിൽ കയറി ചേർത്തല, എറണാകുളം, കൊച്ചി ഭാഗങ്ങളിലേക്ക് കൊണ്ടു പോകുന്നതിന് ഉപയോഗപ്പെടുത്തുന്നു.

ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീംങ്ങളും ഏകദേശം ഒപ്പത്തിനൊപ്പമുള്ളതാണ് ഈ

ഗ്രാമപഞ്ചായത്ത്. ഹിന്ദുക്കളിൽ പട്ടിക ജാതിക്കാരുടെ സംഖ്യയും കുറവല്ല. 39 സെറ്റിൽമെൻറ് കോളനികളിലായി 600 പട്ടികജാതി കുടുംബങ്ങളുണ്ട്.

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്കിൽ, പട്ടിക ജാതിക്കാർ കൂടുതലുള്ള വടവുകോട് ബ്ലോക്കിനെ അംബദ്ക്കർ ഗ്രാമമായി തിരഞ്ഞെടുത്തിട്ടുള്ളത് ഈ പഞ്ചായത്തിലെ പിണർമുണ്ടയിലെ ചേരംകുഴിമുകളം, നടുമുകളം, കുളത്തായിക്കോട്ടുമൂല, ഇടിയത്തേരിമൂല കോളനികളം ഉൾപ്പെട്ട പ്രദേശമാണ്. പട്ടിക ജാതിക്കാരിൽ കുറെപ്പേർ ചെങ്കല്ലുവെട്ട് തൊഴിലാളികളാണ്. കർഷകതൊഴിലാളികളും മറ്റ് തൊഴിലാളികളും പട്ടികജാതിക്കാരിലുണ്ട്.

ജനങ്ങളിൽ കൃഷിക്കാർ, കച്ചവടക്കാർ, തൊഴിലാളികളം, ഉദ്യോഗസ്ഥൻമാർ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങളം പള്ളിമുകളം, മൈതാനി മുകളം വാർഡ്, ചേന്ദംകുഴിമുകളം, മോറക്കാല പള്ളിമുകളം, നെല്ലിക്ക മുകളം, പട്ടിമറ്റത്തിനു സമീപമുള്ള ചാക്കോത്തുമല, നീലിമല മുകളം, തേറുമല എന്നിവയാണ്. **AD**–99 ലെ വെള്ളപ്പൊക്കം ബാധിച്ച കാലത്തുപോലും മറ്റു പ്രദേശങ്ങളിൽ നിന്നും ഉയർന്ന് നിന്ന് വെള്ളപ്പൊക്ക ഭീഷണികളെ അതിജീവിച്ച ഒട്ടേറെ പ്രദേശങ്ങളം ഈ പഞ്ചായത്തിൽ ഉണ്ടെന്ന് പഴമക്കാരായ കാരണവന്മാർ പറഞ്ഞുവരുന്നു. വലമ്പൂർ കിഴക്കമ്പലം റോഡിൻെറ ഭാഗങ്ങളിൽ ഇന്നും 80 വർഷത്തിലേറെ പഴക്കമുള്ള ഫലവൃക്ഷങ്ങളം തണൽ മരങ്ങളായി കാണാവുന്നതാണ്.500 വർഷത്തിലേറെപഴക്കമുള്ള ഹിന്ദുക്കളുടേയും,മുസ്ലീംങ്ങളുടേയും ക്രിസ്ത്യാനികളുടേയും ആരാധനാലയങ്ങളം ഇന്നും വലിയ കേടുകൂടാതെ സംരക്ഷിച്ചുപോരുന്നു.

## പ്രമുഖ വ്യക്തികൾ / ബഹുമതികൾ

ദീർഘകാലം വടവുകോട് രാജർഷി മെമ്മോറിയൽ ഹൈസ്ക്കൂളം ഹെഡ്മാസ്റ്റർ; എഫ്. എ. സി. റ്റി, ഹൈസ്ക്കൂളം; കടയിരുപ്പ് സെൻറ് പീറ്റേഴ്സ് ഹൈസ്ക്കൂളം ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ സേവനം നടത്തിയിട്ടുള്ള ശ്രീ. കെ. എ. ഏബ്രഹാം മാസ്റ്റർ ഈ നാട്ടുകാരനാണെന്ന് നമുക്ക് അഭിമാനമുണ്ട്. അദ്ധ്യാപകർക്കായുള്ള ദേശീയ പുരസ്കാരം കരസ്ഥമാക്കിയ ഇദ്ദേഹം ഇന്നും സാമൂഹ്യ സേവന രംഗങ്ങളിൽ സജീവ സാന്നിദ്ധ്യപൂർവ്വം തൻെറ സേവനം നടത്തിവരുന്നു.

മോറക്കാല സെൻറ് മേരീസ് ഹൈസ്ക്കൂളം ഹെഡ്മാസ്റ്റർ ആയിരിക്കുകയും കോലഞ്ചേരിയിൽ പണ്ടു നടന്ന നിവർത്തന പ്രസ്ഥാനത്തിൻെറ മഹായോഗത്തിൽ ശ്രീ. പോളം പി. മാണി, ഒ. തോമസ് എന്നിവരോടൊപ്പം ശ്രീ. കെ. എ. ജോർജും, സി. പി. തരകൻ എന്നിവരും പങ്കെടുക്കുകയുണ്ടായി. കൃസ്ത്യാനികൾക്കും ഈഴവർക്കും; മുസ്ലീംകൾക്കും മറ്റ് മുന്നോക്ക ജാതിക്കാരെപ്പോലെ തന്നെ നിയമസഭയിലും സർക്കാർ സർവ്വീസിലും പ്രാതിനിധ്യം ലഭിക്കണമെന്നു ആവശ്യപ്പെട്ടു നടത്തിയ പ്രക്ഷോഭണ പ്രസ്ഥാനമാണ് നിവർത്തന പ്രസ്ഥാനം. ശ്രീ. കെ, എ, ജോർജും (കുരിശിങ്കൽ), ശ്രീ. സി. പി. തരകൻ എന്നിവരും ഈ നാട്ടുകാരാണ് എന്നതിൽ നമുക്കഭിമാനമുണ്ട്.

പാമ്പു വിഷത്തിന് ഫലപ്രദമായ പാരമ്പര്യ ചികിൽസ നടത്തുന്ന ശ്രീ, നൈനാ ഹാജി, പാടത്താൻ കുടുംബം ഈ പഞ്ചായത്തിലെ വെമ്പിള്ളി കരയിൽ താമസിച്ച് ഇന്നും ഈ സേവനം നിർലോഭം നടത്തിവരുന്നു.

---

സർവ്വശ്രീ. സി. ജെ. മാത്യു തരകൻ, എൻ. ശങ്കരൻ നമ്പൂതിരി, പി. പി. ഇബ്രാഹിം, റ്റി. തോമസ്, വർക്കി കുര്യൻ, എന്നിവർ പഞ്ചായത്തു പ്രസിഡൻറുമാരായിരുന്നിട്ടുണ്ട്. പി. പി. ഇബ്രാഹിം 16 വർഷവും റ്റി. തോമസ് 2 ടേമിലും പ്രസിഡൻറുമാരായിരുന്നു. എൻ. ശങ്കരൻ നമ്പൂതിരി 2 വർഷവും വർക്കി കുര്യൻ 6 മാസവുമാണ് പ്രസിഡൻറായിരുന്നത്. വി. ജെ. പോളം, കെ. എസ്. ശ്രീധരൻ നായർ, പി. വി. ഏലിയാസ്, കെ. എം. ഹുസൈൻ എന്നിവർ വൈസ് പ്രസിഡൻറുമാരായിരുന്നു. ഇപ്പോളം വി.എ. മോഹനൻ പ്രസിഡൻറും റ്റി.കെ. സോമൻ വൈസ് പ്രസിഡൻറുമാണ്.

## ഭൂപ്രകൃതിയും വിഭവങ്ങളും

അവലംബം : വിഭവ ഭൂപടങ്ങൾ

വനസ്യൂ രേഖകൾ : കൃഷിഭവൻ രേഖകൾ

പഠന പര്യടനം

ഭൂപ്രകൃതി അനുസരിച്ച് കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് 5 മേഖലകളായി തരം തിരിക്കാം.

1. ഉയർന്ന കുന്നിൻ പ്രദേശം
2. ചെരിവുപ്രദേശങ്ങൾ
3. താഴ്വര (പാടശേഖരങ്ങൾ)
4. നിരപ്പു പ്രദേശങ്ങൾ
5. ചതുപ്പു നിലങ്ങൾ

തരിശു നിലപ്രദേശങ്ങൾ ഈ പഞ്ചായത്തിൽ വർദ്ധിച്ച തോതിൽ കാണാൻ സാധിക്കുന്നില്ല. ഉയർന്ന കുന്നിൻ പ്രദേശങ്ങൾ തുടങ്ങി ചതുപ്പു നിലങ്ങളിൽ പോലും നാനാവിധ കൃഷിയിടങ്ങൾ ആണ്. പാടശേഖരങ്ങൾ അധികവും ഇരുപ്പൂ മൂപ്പോക്കു നിലങ്ങളാണ്. പെരിയാർ വാലി പദ്ധതിയിലെ ജലം അധിക പ്രദേശത്തും വെള്ളം എത്തിക്കുന്നു. വെള്ളം എത്താത്ത കുറെ ഭാഗങ്ങൾ ഉണ്ട്. വികസിത റോഡുകൾ അല്പെങ്കിലും മിക്ക സ്ഥലത്തും ഗതാഗതത്തിനു നാടൻ റോഡുകൾ ഉപയോഗിക്കുന്നു. മിക്ക പ്രദേശങ്ങളിലും ചെങ്കൽ പ്രദേശങ്ങളോ ചെങ്കൽ ചേർന്ന ഭാഗങ്ങളുമാണ്. കൈതക്കാട് വാർഡ് 8 ഭാഗത്ത് ചീങ്കണ്ണിക്കല്ല് നിറഞ്ഞ ഒരു ഭാഗമുണ്ട്. സസ്യഭാഗങ്ങൾക്ക് വളരുന്നതിന് ആവശ്യമായ മണ്ണുപോലും പുറംപാളിയിൽ അവശേഷിക്കുന്നില്ല. പാറപ്പുറം പ്രദേശമെന്നാണ് ഇതിനു പറയുന്നത്. കരിങ്കൽ നിക്ഷേപമുള്ള പല പ്രദേശത്തും പാറപൊട്ടിച്ച് മെറ്റൽ ക്രഷർ പ്രവർത്തിക്കുന്നുണ്ട്.

## ചെരിവു പ്രദേശങ്ങൾ

വിസ്തൃതിയിൽ ഒരു നല്ല ഭാഗം വരുന്ന ചെരിവുപ്രദേശമുണ്ട്. കൃഷിക്കാർ സ്വന്തമായി കയ്യാലകൾ സൃഷ്ടിച്ച് ഈ പ്രദേശങ്ങളിൽ താമസിക്കുകയും പരിസരപ്രദേശങ്ങളിൽ റബ്ബർ കൃഷിയും ചെയ്യുന്നു. ചരൽ കലർന്ന ചെമ്മണ്ണാണ് ഇവിടെ പൊതുവെ കണ്ടുവരുന്നത്. മൺപുതപ്പ് ഇടക്കയ്യാലകൾ കെട്ടി മണ്ണൊലിപ്പ് നിയന്ത്രിക്കുന്നു. തെങ്ങ്, കവുങ്ങ്, കുരുമുളക്, റബ്ബർ എന്നിവ ഇവിടെ കൃഷി ചെയ്യുന്നു. ജലം കാര്യമായി ഭൂമിയിൽ വാർന്നിറങ്ങുന്നതിനാൽ സൗകര്യം കുറയുന്നതിനാൽ നല്ല തോതിലുള്ള ജലസേചനം ആവശ്യമാണ്.

## താഴ്വര (താവ)

ചെരിവുഭൂമികൾ കുന്നുകൾ ഇവയുടെ ഇടയിൽ വരുന്ന പ്രദേശങ്ങളാണ് ഈ താഴ്വരകൾ. വലമ്പൂർ പാടം, കൈതക്കാട്ടുപാടം, കുണ്ടോം പാടം, പാടത്തിക്കര പാടം, പള്ളിക്കരപ്പാടം, പിണർമുണ്ട പാടം എന്നിവയടങ്ങിയ പാടങ്ങളിൽ നെൽകൃഷി തന്നെ തുടർന്നു നടത്തുന്നു. ഇടവിട്ടിടവിട്ട് ചില നെൽപ്പാട ഭാഗങ്ങൾ കരഭാഗങ്ങളോടുകിടക്കുന്ന സ്ഥലത്തുള്ളിൽ പിണർമുണ്ട സ്ഥലങ്ങളിൽ പാടം നികത്തി താമസ സ്ഥലമാക്കുന്ന പ്രവർത്തനം ആരംഭിച്ചുകാണുന്നു. എന്നാലും വൻതോതിൽ ഉള്ള ഫില്ലിംഗ് ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

## ചതുപ്പു നിലം

പഞ്ചായത്തിന്റെ പടിഞ്ഞാറ് വടക്കുഭാഗങ്ങളിൽ ചതുപ്പു നിലവും വെള്ളക്കെട്ടും പ്രദേശങ്ങളാണ്. ഈ ഭാഗങ്ങളിലെ മൂന്ന്, നാല്, അഞ്ച് വാർഡുകളിൽ നിന്നും മീൻ പിടിച്ച് ഉപജീവനം കഴിക്കുന്ന കുറച്ചുപേരുണ്ട്. മനക്കക്കടവ് കൂടി ഒഴുകുന്ന കടമ്പ്രയാറിന്റെ വിവിധ ശാഖ തോടുകളിൽ നിന്നും മൽസ്യം ശേഖരിക്കുന്ന വരാണിവർ. ചതുപ്പുനിലത്തിന്റെ വരമ്പിൽ തെങ്ങും അരികിലും പാടത്തും മുണ്ടകൻ നെല്ല് കൃഷി ചെയ്യുന്നു. കുറഞ്ഞ അളവിൽ ഈ ഭാഗത്ത് ചില കുടുംബങ്ങളിൽ താറാവിനെയും വളർത്തുന്നുണ്ട്.

## ജനപ്രകൃതി

അവലംബം : കാനേഷുമാരി 1991 ലെ

1991 ലെ കാനേഷുമാരി കണക്കുകൾ പ്രകാരം കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ ജനസംഖ്യ 25475 / ഇതിൽ 12816 പുരുഷൻമാരും 12659 സ്ത്രീകളും ഉണ്ട്.

**പട്ടിക 2**

| വാർഡ് | പുരുഷൻ | സ്ത്രീ | പട്ടിക പുരുഷൻ | പട്ടിക സ്ത്രീ | ആകെ | ആകെ |
|---|---|---|---|---|---|---|
| 1 | 768 | 752 | 216 | 224 | 440 | 1520 |
| 2 | 1453 | 1550 | 329 | 347 | 678 | 3003 |
| 3 | 1587 | 1558 | 444 | 474 | 918 | 3145 |
| 4 | 1175 | 1175 | 260 | 239 | 499 | 2350 |
| 5 | 1523 | 1514 | 164 | 180 | 340 | 3037 |
| 6 | 1182 | 1204 | 243 | 239 | 482 | 2386 |
| 7 | 962 | 870 | 92 | 87 | 179 | 1832 |
| 8 | 1505 | 1538 | 185 | 185 | 370 | 3043 |
| 9 | 1277 | 1290 | 129 | 112 | 241 | 2567 |
| 10 | 784 | 793 | 69 | 82 | 151 | 1577 |
| 11 | 630 | 385 | 35 | 48 | 83 | 1015 |
| ആകെ | 12816 | 12659 | 2131 | 2169 | 4300 | 25475 |

വാർഡ് 1 + 2 വിഭജിച്ച് 11 വാർഡ് നിലവിൽ വന്നു.

## തൊഴിലെടുക്കുന്നവരുടെ എണ്ണം

| | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| മുഖ്യതൊഴിൽ | 6534 | 1980 | 8514 |
| ഭാഗികതൊഴിൽ | 237 | 241 | 478 |
| മൊത്തം | 6771 | 2221 | 8992 |

## തൊഴിലാളികളുടെ മുഖ്യതൊഴിൽ പട്ടിക – 4

### മുഖ്യതൊഴിൽ മാത്രം

| | തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം |
|---|---|---|---|---|
| 1 | കൃഷിക്കാർ | 1191 | 149 | 1340 |
| 2 | കർഷക തൊഴിലാളികൾ | 1723 | 1182 | 2905 |
| 3 | മൃഗപരിപാലനം / മൽസ്യബന്ധനം തോട്ടം തൊഴിൽ തുടങ്ങിവ | 438 | 24 | 462 |
| 4 | പാറ പൊട്ടിക്കൽ – ഖനനം | 197 | 28 | 225 |
| 5 | കുടിൽ വ്യവസായം | 59 | 33 | 92 |
| 6 | കുടിലേതര വ്യവസായം | 697 | 184 | 881 |
| 7 | കെട്ടിട, റോഡ് നിർമ്മാണ തൊഴിൽ | 478 | 17 | 495 |
| 8 | വാണിജ്യം | 705 | 45 | 750 |
| 9 | ഗതാഗതം / വാർത്താ വിനിമയം | 503 | 16 | 519 |
| 10 | മറ്റു സേവനം | 543 | 322 | 865 |
| 11 | തൊഴിലില്ലാത്തവർ | 6045 | 10438 | 16483 |

(അവലംബം : സെൻസസ്സ് 1991)

# കൃഷി – ജലസേചനം

പഞ്ചായത്തിലെ കാർഷികമേഖല നേരിടുന്ന മുഖ്യപ്രശ്നം കാർഷികോല്പാദനം വേണ്ടത്ര വേഗതയിൽ ഉയരുന്നില്ല എന്നതാണ്. വിളഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത കുറയുന്നതാണ് ഒരു കാര്യം. ഈ കുറവ് നികത്താനാവും വിധം ഉല്പാദക ക്ഷമത വർദ്ധിക്കുന്നില്ല. ഒരു വശത്ത് കൃഷിയുടെ തുണ്ട വൽക്കരണവും ചെറുകിട കൃഷിക്കാരുടെ ആധിക്യവും മറുവശത്ത് ഭൂഉടമസ്ഥരിൽ നല്ല പങ്കും ഭൂമിയിൽ പണിയെടുക്കുന്നവർ അല്ല എന്ന സ്ഥിതിവിശേഷവും നിലനിൽക്കുന്നു.

പെരിയാർ വാലി ഇറിഗേഷൽ കനാൽ വഴിയാണ് കൃഷിക്കാവശ്യമായ വെള്ളം ലഭിക്കുന്നത്. ഇറിഗേഷൻ പദ്ധതി പ്രാവർത്തികമായതോടെ ഈ പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശത്തും നെൽകൃഷിയിൽ 3 പൂവ് തുടർച്ചയായി ചെയ്യാൻ കഴിയുന്നുണ്ട്. അതിനു മുമ്പ് ഒരു പൂവും ഇരുപ്പൂവും മാത്രമായിരുന്നു നെൽകൃഷി ചെയ്തിരുന്നത്. ഇടവിളയായി മുതിര, എള്ള്, ചാമ എന്നിവയും കൃഷി ചെയ്യുമായിരുന്നു. 1–ാം വാർഡ് പിണർമുണ്ടയിൽ **PVI** കനാലിന് താഴ്ച വ്യത്യാസം ജല നിർഗ്ഗമനത്തിനു പര്യാപ്തമല്ല. ആയതിനാൽ ഈ ഭാഗത്ത് ജലം ഒഴുകി

എത്തുന്നില്ല എന്നതാണ് വസ്തുത. കൂടാതെ കുളങ്ങൾ, ചിറകൾ, തോടുകൾ എന്നിവയും ജല സേചന മാർഗങ്ങളാണ്.

തെങ്ങിനുണ്ടാകുന്ന രോഗങ്ങളും, നാളികേര കൃഷിയെക്കാൾ ആദായം റബ്ബർ ആണെന്നുള്ള ധാരണയും കൃഷിക്കാരിൽ നല്ലപങ്കും തങ്ങളുടെ കൃഷയിടങ്ങൾ നികത്തുകയും – നിരപ്പായ നെൽ കൃഷിചെയ്യാവുന്ന പ്രദേശങ്ങളിൽ പോലും റബ്ബർ വച്ചുപിടിപ്പിക്കുന്നതിന് തയ്യാറായിരിക്കുകയാണ്. ഇതുമൂലം കരകൃഷി ആയിരുന്ന മരച്ചീനി കൃഷിയും വാഴയും വെറ്റിലക്കൊടിയും കമുകും എല്ലാം ഈ പ്രദേശത്തും നിന്നും അപ്രത്യക്ഷമായിരിക്കുകയാണ്. ജനങ്ങളിൽ ഏറിയ പങ്കും ചെറുകിട കൃഷിക്കാരാണ്. ശരാശരി ഒരേക്കറിൽ താഴെ മാത്രം കൃഷിഭൂമിയുള്ളവരാണ് ഇവരിൽ അധികവും. റബ്ബർ കൃഷി കഴിഞ്ഞാൽ പ്രധാന കൃഷി വിളകൾ നെല്ല്, മരച്ചീനി, വാഴ, തെങ്ങ്, കമുക്, കുരുമുളക്; വെറ്റിലക്കൊടി, ജാതി, കൊക്കോ, പൈനാപ്പിൾ എന്നിവയാണ്. കൃഷിക്ക് ശാപമായി മാറിക്കൊണ്ടിരിക്കുന്ന മണ്ണൊലിപ്പും വെള്ളക്കെട്ടും; വരൾച്ചയും ഒഴിവാക്കണമെങ്കിൽ ശാസ്ത്രീയമായ സ്ഥല ജല മാനേജ്മെൻറ് കൂടിയേ കഴിയൂ. കാർഷിക മേഖലയിൽ ഇന്നത്തെ മറ്റൊരു അടിസ്ഥാനപരമായ പോരായ്മ ഡിപ്പാർട്ട്മെൻറലിസമാണ്. പരസ്പരം ബന്ധപ്പെടാതെയാണ് കൃഷിയുമായി ബന്ധപ്പെട്ട വകുപ്പുകൾ പ്രവർത്തിപ്പിക്കുന്നത്. ഈ നില മാറി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ പഞ്ചായത്തുതലത്തിൽ സംയോജിപ്പിക്കണം ഗ്രൂപ്പ് ഫാമിങ്ങ്, കേരസംരക്ഷണ സമിതി എന്നിവ സംഘടിപ്പിച്ച് ഭൂമിയുടെ ഏകീകരണം സാധ്യമായ വിധത്തിൽ പുന:സംഘടിപ്പിക്കണം. കൂട്ടായ്മ ഉറപ്പുവരുത്തുന്ന കാർഷിക പരിഷ്ക്കാരങ്ങൾക്ക് രൂപം നൽകണം.

കാർഷീക മേഖലകളിൽ ആവശ്യമായ തൊഴിലാളികളെ ലഭ്യമല്ല എന്നതും ഒരു പ്രതിഭാസമാണ്. തൊഴിലില്ലായ്മ ധാരാളമുള്ള ഈ നാട്ടിൽ തൊഴിലിന് മനുഷ്യശേഷി ലഭിക്കാതിരിക്കുന്നു എന്നത് പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. കാർഷീകതൊഴിൽ എന്നത് എന്നും ഭാഗീക തൊഴിലാണ്, അതുകൊണ്ട് കൃഷിപ്പണി കഴിഞ്ഞ് മറ്റേതെങ്കിലും തൊഴിൽ തേടേണ്ടവരാണ് കാർഷിക വൃത്തിയിൽ ഏർപ്പെട്ടവർ.

നെൽകൃഷിക്ക് ഉഴവ്, വരമ്പു പണി മറ്റ് അനുബന്ധ തൊഴിലിൽ ഏർപ്പെടുന്ന മുഴുവൻ സമയ ജോലിചെയ്യുന്ന പുരുഷന് ദിവസം 125 രൂപ കൂലിയും സ്ത്രീതൊഴിലാളിക്ക് 75 രൂപയും ഇപ്പോൾ പല സ്ഥലങ്ങളിലും നൽകിവരുന്നു, ഭാഗിക ജോലിക്ക് ഭാഗിക കൂലി സമ്പ്രദായങ്ങളും നിലവിലുണ്ട്. മറ്റിതര തൊഴിൽ മേഖലകളിൽ, മരംവെട്ട്, കെട്ടിടനിർമ്മാണം, പാറ പൊട്ടിക്കൽ, മൺപണി എന്നീ ഇനങ്ങളിൽ 150 രൂപ പുരുഷന്മാർക്കും 100 രൂ. സ്ത്രീകൾക്കും കൂലി ലഭിക്കുന്നു. കൂലിയിലെ ഈ അന്തരം തൊഴിലാളികളെ മറ്റിതര തൊഴിൽ മേഖലകളിലേക്ക് ആകർഷിക്കുക സ്വാഭാവികവുമാണല്ലോ ?

ഈ പഞ്ചായത്തിലും നേൽപ്പാടങ്ങൾ നികത്തുന്ന പ്രവണത വളർന്നു വന്നിട്ടുണ്ട്. ഇന്നും ഒരു പ്പൂവും ഇരുപ്പൂവും മാത്രം കൃഷി ചെയ്യുന്ന പ്രദേശങ്ങളുണ്ട്. സമീപ പ്രദേശങ്ങളിലെ വ്യവസായശാലയുടെ മാലിന്യങ്ങൾ കൃഷിയെ തുടരെ തുടരെ നശിപ്പിക്കുന്നു.

പാർപ്പിടവും റോഡുകളും വർദ്ധിക്കുന്നതും കൃഷി സ്ഥലങ്ങൾ ചുരുങ്ങുന്നതിന് കാരണമാണ്, കുളങ്ങൾ, തോടുകൾ തുടങ്ങിയ പൊതു ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സമൂഹ സംവിധാനം; ഭൂപരിഷ്ക്കരണം മൂലം ഇല്ലാതായി. കുടിയാന്മാരുടെ സഹായത്തോടെ ജന്മിമാരായിരുന്നു ഇതു സംരക്ഷിച്ചിരുന്നത്. ജല സ്രോതസ്സുകൾ സമൂഹത്തിൻെറ പൊതുസ്വത്തുമായി, ബണ്ടുകൾ ഇടിഞ്ഞും, കാടുപടലവും പിടിച്ചും ജലപ്രവാഹത്തിനു തടസ്സമായി.

ആധുനിക വിദ്യാഭ്യാസ സമ്പ്രദായം സാർവ്വത്രികമായതോടുകൂടി കർഷകതൊഴിലാളികളുടെ പിൻമുറക്കാർ സുരക്ഷിതത്വമുള്ള മറ്റുതൊഴിൽ തേടി പോകാൻ തുടങ്ങി. നിത്യോപയോഗ സാധങ്ങളുടെ വിലക്കയറ്റവും തൊഴിലാളികളുടെ കൂലി വർദ്ധനവിനു കാരണമായി.

വിദഗ്ധമായ കൃഷി ഉപദേശങ്ങൾ കൃഷിക്കാർക്ക് പലപ്പോഴും ലഭിക്കുന്നുമില്ല.

ഈ പഞ്ചായത്തിലെ പ്രധാന കൃഷികളിൽ ഒന്നായി മാറിക്കഴിഞ്ഞിട്ടുള്ള നാണ്യവിള ഇപ്പോൾ റബ്ബർ ആണ്. ആധുനിക സാങ്കേതിക സൗകര്യങ്ങൾ എല്ലാം റബ്ബർകൃഷിക്കും ഉപയോഗിക്കാ

വുന്ന വിധത്തിൽ ഉദ്യോഗസ്ഥന്മാരെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ഈ ജില്ലയിൽ മറ്റു പല പഞ്ചായത്തിലും റബ്ബർ കൃഷിയെപ്പറ്റി നിരവധി സർവ്വേ നടന്നുകഴിഞ്ഞു. കുന്നത്തുനാട് ഗ്രാമ പഞ്ചായത്തിൽ ഒരു സർവ്വേ ഈക്കാര്യത്തിൽ നട ന്നില്ല. വില്ലേജ് ഓഫീസ് രേഖകളിലോ, കൃഷി ഭവൻ രേഖകളിലോ റബ്ബറിനെക്കുറിച്ച് ഒരു വിവ രവും ലഭ്യവുമല്ല. ഈ അവസ്ഥയിൻ പഞ്ചായ ത്തിലെ റബ്ബർ കൃഷിയെക്കുറിച്ചോ; റബ്ബർ കർഷ കരേ കുറിച്ചോ യാതൊരു തരത്തിലും ഒരറിവു നൽകാൻ പര്യാപ്തമായ രേഖകൾ പഞ്ചായത്തി ലുമില്ല, സംസ്ഥാന പ്ലാനിംഗ് ബോർഡും, സം സ്ഥാന ഗവൺമെൻറും ഈക്കാര്യത്തിൽ അതി ന്റെ നയവും തീരുമാനവും പഞ്ചായത്തുകളെ അ റിയിക്കേണ്ടതാണ്.

## ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

### വാർഡ് 1

1) അമ്പേദ്കർ ഗ്രാമത്തിനുവേണ്ടി നിർമ്മി ച്ചിട്ടുള്ള ഇറിഗേഷൻ പദ്ധതിക്ക് വൈദ്യുതി ലഭ്യമാക്കുക.

2) പിണർമുണ്ടകേളരിക്കമുകൾ പട്ടികജാതി കോളനിക്കു വേണ്ടിയുള്ള ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

3) മാങ്കുളം മുതൽ പാറക്ക നടവഴി ആനക്കു ഴിങ്കര വരെ തോട് കെട്ടി സംരക്ഷിക്കുക

4) ചെറുതോട്ടിപ്പാടം – പാടത്തിക്കരപ്പാടം തോടിന്റെ വീതികൂട്ടി സംരക്ഷിക്കുക

5) കീരം കുഴി തോട്, ആനേക്കരതോട് സൈഡ് കെട്ടി സംരക്ഷിക്കുക

6) മുരിയങ്കര മൂലയിൽ നിന്നും മൈതാനി മുകൾ ലക്ഷംവീട് കോളനി, കളരിക്ക മുകൾ കോളനി എന്നീഭാഗത്ത് കൃഷിചെയ്യുന്നതിന് ലി ഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുക.

7) മാങ്കുളം ചെമ്മഞ്ചേരിമൂല അക്കത്തു പാടം ഇവ കാടാ സ്കീമിൽ ഉൾപ്പെടുത്തുക

8) സൂര്യനെല്ലിക്കാർ നികത്തിയ പുറമ്പോ ക്കു തോട് പുനർനിർമ്മിച്ച് കൃഷിക്കും ജലസേ ചനത്തിനും ഉപയുക്തമാക്കുക

### വാർഡ് 2

1) പള്ളിക്കര വലിയതോട് റോഡിനു പടി ഞ്ഞാറോട്ട് ഏകദ്ദേശം രണ്ടുമൂന്നു കിലോ മീറ്റർ ദൂരം താഴ്ത്തുക

2) അമ്പലപ്പടിയിലൂടെ ഇരുപ്പക്കോട്ടു മൂല യിലേക്കു പോകുന്ന കനാൽ ജലസേചന ത്തിന് പര്യാപ്തമാക്കുക

3) ഇരുപ്പക്കോട്ടു മൂലയിൽ ജലസേചനം ല ഭ്യമാക്കുക

4) പുത്തേത്തു മുകൾ, ഊത്തിക്കര, തടത്തി മൂല, പോത്തനാംപറമ്പ് പട്ടികജാതി കോളനികളിൽ കുടിനീർക്ഷാമം പരിഹ രിക്കുക

### വാർഡ് 3

1) പാപ്പാറക്കടവ് തോട്, വാരിക്കാട്ട് നട ത്തോട്, പുല്ലന്തറത്തോട് എന്നിവ ജല സേചന പ്രദമാക്കുക

2) കൂനൻ അത്തിചിറയിൽ ഒരു ഷട്ടർ കൂടി നിർമ്മിച്ച് ഓട്ടോമാറ്റിക്ക് സംവിധാനം ഏർപ്പെടുത്തുക

3) പള്ളിമുകൾ കോളനിയിൽ ജലസേചനം ലഭ്യമാക്കുന്നതിന് ലിഫ്റ്റ് ഇറിഗേഷൽ സ്ഥാപിക്കുക
4 കൊല്ലംകുടികുളം താഴ്ത്തി സൈഡു കെട്ടുക

### വാർഡ് 4

1) ചാത്തക്കാട്ടു പാടം, മോറക്കാല പുഞ്ച ക്കാളച്ചാൽ, പുഞ്ചക്കചാൽ, പീച്ചാട്ടു പാടം നിലങ്ങളിലെ വെള്ളക്കെട്ടു പരിഹ രിക്കുക

2) കാഡാ പദ്ധതിപ്രകാരം ചേരിക്കമൂല ചാത്തക്കാട്ടുപാടം എന്നിവിടങ്ങളിലേക്കു ള്ളതോട് പൂർത്തികരിക്കുക

3) പൂട്ടിക്കിടക്കുന്ന കൃഷിഭവൻ തുറന്നു പ്രവർത്തിപ്പിക്കുക

4) നിലവിലുള്ള രാമൻനായർ താഴം ക്രോ സ്ബാർ, വടക്കേക്കര ക്രോസ് ബാർ, തടിയൻ താഴം ക്രോസ്ബാർ, മാനടി ക്രോസ്ബാർ എന്നിവ പലകകൾ ഇട്ട് ഉറപ്പിക്കുക

5) ചേലാക്കാട്ടു കുളത്തിൽ നിന്നുള്ള തോട് നന്നാക്കുക

6) മോറക്കാല കൊച്ചുതോടിന്റെ സൈഡ് കെട്ടി താഴ്ത്തി പാപ്പാറകടവ് തോട്ടിലേക്ക് നീട്ടുക

7) ചേരിയ്ക്കമൂലപാടത്തു കലുങ്ക് നിർമ്മിക്കുക

## വാർഡ് 5

1) ചൂലിപ്പുറം തോടിലെ ക്രോസ്ബാർ റിപ്പയർ ചെയ്യുക

2) തട്ടായത്തുകുളം സൈഡ് കെട്ടി ഉപയോഗ യോഗ്യമാക്കുക

3) കടമ്പയാറിനു കുമാരപുരം ചന്തക്കടവു മുതൽ മനക്കക്കടവു വരെ പുഴയുടെ സൈഡു കെട്ടുക

4) മനക്കക്കടവ് ലിഫ്റ്റ് ഇറിഗേഷനിലെ വെള്ളം ചിറ്റനാട് പാടശേഖരങ്ങളിലേക്ക് തിരിച്ചുവിട്ട് കൃഷിക്ക് ഉപയുക്തമാക്കുക

5) കൃഷി ഓഫീസിന്റെ ഒരു ശാഖ കുമാരപുരത്തു സ്ഥാപിക്കുക

6) പൊട്ടക്ക തോട് 2 സൈഡുകളും കെട്ടി ഉപയുക്തമാക്കുക

7) ആനിക്കലേടി പാടം തോട് വീതി കൂട്ടി, സൈഡുകെട്ടി സംരക്ഷിക്കുക

8) പരിതപ്പാടത്ത് പമ്പു സെറ്റ് സ്ഥാപിക്കുക

9) ഇട്ടിക്കോട്ട് ചിറ–എരുമേലിപാടം തോട് കെട്ടി സംരക്ഷിക്കുക ചൂരക്കോട്പാടം തട്ടായത്ത് കുളം തോട് വീതികൂട്ടി സൈഡ് കെട്ടുക

## വാർഡ് 6

1) ചിറ്റിലപ്പാറ മുതൽ കാഞ്ഞിരക്കാട്ട്താഴം വരെയുള്ള 50 ഹെക്ടർ കര ഭൂമിയിലെ മണ്ണൊലിപ്പ് തടയുന്നതിന് ഇടകൈയ്യാലകൾ നിർമ്മിക്കുക.

2) വെള്ളച്ചാൽ മുതൽ പട്ടാട്ട് മുകൾ വരെ 25 ഹെക്ടർ കര ഭൂമി ഇടക്കയ്യാല കെട്ടി സംരക്ഷിക്കുക.

3) കാർഷിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

4) വെമ്പിള്ളിത്തോട് വീതികൂട്ടി സൈഡ് ബണ്ടുകൾ കെട്ടി സംരക്ഷിക്കുക രണ്ടു സൈഡുകളും ഫാം റോഡുകൾ ഉണ്ടാക്കുക.

5) പുഞ്ചക്ക ചാൽ വെമ്പിള്ളിതോട് ഒരു മീറ്റർ താഴ്ത്തി വീതികൂട്ടി പണിയുക.

6) പുളിയിലപ്പാടം, കരിപ്പാലി, മുണ്ടക്കൽ പരിത എന്നിവിടങ്ങളിലേയും മുക്കോട്ടു പാടത്തും ചീപ്പും ഫാം റോഡും നിർമ്മിക്കുക

7) മുതയിൽ ചിറ, മാങ്ങനാലി ചിറ, ബ്ലാച്ചിറ പൊതുകുളം. കാരനാട്ട് ചിറങ്കര മൂല എന്നീ കുളങ്ങൾ നന്നാക്കി സൈഡു കെട്ടി ജലസേചന സൗകര്യത്തിനു പര്യാപ്തമാക്കുക.

## വാർഡ് 7

1) പുഞ്ചമുറി, കുഴിവേലി ക്ഷേത്ര താഴത്തുനിന്നും വലിയ തോടുമായി ബന്ധിപ്പിക്കുന്ന തോട് വീതികൂട്ടി താഴ്ത്തി ഇരുവശവും കെട്ടി സംരക്ഷിക്കുക

2) അകത്തു പാടത്തു തോട് പറക്കോട്പാടം തോട്, മാണ്ടനാരിതോട്, കുണ്ടോംപാടം എന്നിവ വീതികൂട്ടി ഇരുവശവും കെട്ടി സംരക്ഷിക്കുക

3) പാറക്കുളം താഴ്ത്തി വശങ്ങൾ കെട്ടി സംരക്ഷിക്കുക

4) അയ്മ്മനാലി താഴത്ത് എത്തുന്ന റോഡ് മാണിക്കത്ത് താഴത്തേക്കും, അകത്തു പാടത്തേക്ക് എത്തുന്ന റോഡ് പറക്കോട്പാടത്തേക്കുള്ള **MLA** റോഡരികിൽ റാമ്പ് കെട്ടുക

5) പൊന്നണ്ടായിക്കുളം സൈഡ് കെട്ടി റാമ്പ് നിർമ്മിക്കുക.

## വാർഡ് 8

1) കുരുവിച്ചിറയിൽ നിന്നും കുണ്ടോം പാടത്തു നിന്നും കൈതക്കാട് പാടത്തിന്റെ പടിഞ്ഞാറെ അരികിൽകൂടി പോകുന്ന തോട് താഴ്ത്തി സൈഡ് കെട്ടി സംരക്ഷിക്കുക

2) പെരിയാർ വാലി കിഴക്കമ്പലം ബ്രാഞ്ച് കനാലിന്റെ 15-ാം നമ്പർ സ്ലൂയിസ്സിൽ നിന്നും നീരോട്ട് പാടംവഴി പോകുന്ന

തോട് സൈഡ് കെട്ടി ഫാം റോഡ് നിർ മ്മിക്കുക.

3) പെരിയാർ വാലി കിഴക്കമ്പലം ബ്രാഞ്ച് കനാലിന്റെ 10 മുതൽ 18 വരെയുള്ള സ്ലൂയിസ്സുകളും നന്നാക്കുക.

4) കാരോട്ടു ചിറ നന്നാക്കുക.

5) കാക്കാട്ട് ചിറയിലേക്ക് ചെറിയ കനാൽ നിർമ്മിക്കുക.

6) മുറിയൻചിറ തോട് നന്നാക്കുക.

7) തണക്കാട്ടു ചാൽപ്പാടം തോട് നന്നാക്കുക

8) കണ്ടങ്ങേതാഴം പാടം മുതൽ വാലേപ്പാടം വരെയുള്ള തോട് വീതിക്കൂട്ടി ഫാം റോ ഡ് നിർമ്മിക്കുക.

9) മുണ്ടേക്കുളം നന്നാക്കുകയും, തോട് കെ ട്ടി സംരക്ഷിക്കുകയും ചെയ്യുക,

10) മണക്കാട്ട്മാരി പുരയിടത്തിന് തെക്കു വശം കൂടിയുള്ള ഫാം റോഡ് ഉണ്ടാക്കുക

11) കുരുവിച്ചിറ കെട്ടി നന്നാക്കി ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം നടപ്പിലാക്കുക

## വാർഡ് 9

1) പെരിയാർവാലി കനാലിൽ നിന്നും ഒമ്പ താം വാർഡിലെ പാടങ്ങളിൽ വെള്ളം കി ട്ടുന്ന വിധത്തിൽ സബ് കനാലുകളും നിർ മ്മിക്കുക.

2) പൊത്താംകുഴിച്ചിറയിൽ ലിഫ്റ്റ് ഇറി ഗേഷൻ ഏർപ്പെടുത്തുക.

3) മലയിടപ്പാടത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയോ കനാൽ വെള്ളം ലഭ്യമാക്കു കയോ ചെയ്യണം.

4) കോലാങ്കുടി കവലയ്ക്കു തെക്കു വശമു ള്ള തോടിൽ നിന്നും ക്രോസ്സ്ബാർ നിർ മ്മിച്ച് ജലം ഒമ്പതാം വാർഡിൽ മനക്ക ത്താഴത്ത് ഭാഗത്ത് പ്രയോജനപ്പെടുത്തുക

5) പുളിച്ചോട്ടിൽ ചിറയിൽ സംരക്ഷണ ഭിത്തി കെട്ടുക. തടയണ നിർമ്മിച്ച് വരി ട്ടിപ്പാടത്ത് ജലസേചനസൗകര്യം വർദ്ധി പ്പിക്കുക.

6) മൂന്നാംതോട്ടിൽ സംരക്ഷണഭിത്തികെട്ടി ക്രോസ്സ്ബാർ നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

## വാർഡ് 10

1) പത്താം വാർഡിലെ പോളച്ചിറ ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തുക.

2) കീഴത്തുചിറ തോട്, മേറ്റക്കോട് തോട്, കരിലപ്പാടം തോട് ഇരട്ടപ്പാടം തോട്, വ ലമ്പൂർ തോട് എന്നിവയ്ക്ക് സംരക്ഷി ണ ഭിത്തി കെട്ടുക.

3) വലമ്പൂർ തോടിലെ ക്രോസ്സ്ബാർ റിപ്പ യർ ചെയ്യുക.

4) മേറ്റക്കോട്ടിപ്പാടത്തേക്ക് ഫാം റോഡ് നിർമ്മിക്കുക.

## വാർഡ് 11

1) കാണിനാട് പനമ്പേലിമുക്കിൽ വലിയ തോട് താഴ്ത്തി സംരക്ഷിക്കുക.

2) ചാറ്റിക്കുളം ഭാഗത്തും പെരിങ്ങാല റോ ഡിനും പടിഞ്ഞാറു ഭാഗത്തും ക്രോസ്സ് ബാർ നിർമ്മിക്കുക.

8) കടമ്പേത്തുമൂല, പെരിങ്ങാല തോട്, കു പ്പക്കൂട്ട് മൂല എന്നിവ താഴ്ത്തി സൈ ഡു കെട്ടുക.

4) പോക്കാട്ടു ചിറ കെട്ടി സംരക്ഷിക്കുക യും, വെട്ടിക്കാക്കുളം ചെളി നീക്കി സം രക്ഷിക്കുകയും ചെയ്യുക,

5) കാർബൺ കമ്പനിയിൽ നിന്നും ഒഴുകി വരുന്ന മലിനീകരണം നിയന്ത്രിക്കുക.

6) പാടത്തിക്കര ബസ്സ് സ്റ്റോപ്പിൽ നിന്നു ള്ള റോഡ് കരിത്താഴവുമായി ബന്ധി പ്പിക്കുക.

7) നിലവിലുള്ള പോത്തനാംപറമ്പ് ചാറ്റി ക്കുളം റോഡും തണ്ണാംകുഴിമൂല ചാറ്റി ക്കുളം റോഡും ബന്ധിപ്പിക്കുക.

8) മാങ്കുളം ചായിക്കര, പെരിങ്ങാല റോഡ് കരിപ്പാപ്പാടത്തു കൂടി പെരിങ്ങാലപ്പാടം റോഡിലേക്ക് ബന്ധിപ്പിക്കുക.

9) പെരിങ്ങാല, പരിയാരത്തു മൂല, കരി ത്താഴം റോഡ് കണ്ണങ്കര, മൂല, അധികാ രിമൂല റോഡ് എന്നിവ അത്യാവശ്യമായി നിർമ്മിക്കേണ്ടതാണ്.

10) പോക്കാട്ടുചിറ, വെൺമ്മണിത്താഴം റോ ഡുകളും തമ്മിൽ ബന്ധിപ്പിക്കാക,

## ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പൊതുപ്രശ്നങ്ങളും പരിഹാരങ്ങളും

പഞ്ചായത്തിന്റെ എല്ലാ ഗ്രാമസഭകളിലും കൃഷിയും, ജലസേചനവുമായി ബന്ധപ്പെടുത്തി ഒട്ടേറെ പ്രശ്നങ്ങൾ വെവ്വേറെ ഉയർന്നു വന്നിട്ടുള്ളത് സംഗ്രഹിച്ച് വാർഡ് തിരിച്ച് ലിസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ പൊതു സ്വഭാവമുള്ളവ എന്നു വരുന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. ഗ്രൂപ്പ് ഫാമിങ്ങ് ആവശ്യമായ കൃഷി ഇടങ്ങളിലും, വാർഡുകളിലും ഉള്ളവ വിപുലപ്പെടുത്തുക പുതിയവ ആരംഭിക്കുക. അവയുടെ വികസനത്തിനായി ഫാം റോഡുകളും ഉണ്ടാക്കുക.

2. **PVIP** കനാലിൽ നിന്നും, പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ, പ്രവർത്തനം അപൂർണ്ണമായും തകരാറായി കിടക്കുന്നതുമായ **CADA** പദ്ധതിമൂലവും ഇന്നു നിലനിൽക്കുന്ന വെള്ളക്കെട്ടുകൾക്ക് പരിഹാരം കാണുക.

3. **PVIP** കനാലിൽ യഥാസമയം ആവശ്യമായ റിപ്പയർ കാര്യക്ഷമമായി നടപ്പാക്കാത്തതിനാൽ ഇരുവശങ്ങളിലുമുള്ള സിമൻറ് ലൈനിംഗ്, സ്ളൂയിസ്സുകൾ, ഷട്ടറുകൾ എന്നിവ ഫലപ്രദമായി പ്രവർത്തിക്കുകയോ, തകരാറാവുകയോ ചെയ്തിട്ടുള്ളവ റിപ്പയർ ചെയ്ത് ഇന്നുള്ള ജലത്തിന്റെ ദുരുപയോഗം നിയന്ത്രിക്കണം.

4. കൃഷിഭവന്റെ പ്രവർത്തനം കൃഷിക്കാർക്ക് യഥാസമയം ലഭ്യമാക്കുക. മണ്ണുപരിശോധന തുടങ്ങിയ സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

5, പച്ചക്കറിക്കൃഷിക്കാർക്ക് തുടർച്ചയായ പ്രോൽസാഹനം നൽകുക.

6 പള്ളിക്കരയിലും പട്ടിമറ്റത്തും കൃഷി ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പൊതുമാർക്കറ്റുകളും ആഴ്ച ചന്തകളും ആരംഭിക്കുക.

7 വിള ഇൻഷൂറൻസ് വ്യാപകമാക്കുക, കൃഷിക്കാർക്ക് വിള മൽസരങ്ങൾ സംഘടിപ്പിക്കുക

8. സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ കൃഷിക്കാർക്ക് യഥാസമയം ലഭ്യമാക്കുക.

9. വിത്ത്, വളം, കീടനാശിനി എന്നിവ യഥാസമയം വിതരണം നൽകുക,

10, കൃഷിയുമായി ബന്ധപ്പെട്ട വകുപ്പുകളെ പഞ്ചായത്തു തലത്തിൽ കഴിയുന്ന വിധത്തിൽ സംയോജിപ്പിക്കുക.

11. തട്ടാംമുകൾ, വലമ്പൂർ ചെറിയ കനാൽ ചെങ്ങര മണൽപ്പാടം വരെ 1.5 കി. മീറ്റർ നീട്ടി 9, 10 എന്നീ വാർഡുകൾക്ക് പ്രയോജനപ്പെടുത്തുക.

12. ഞാറല്ലൂർ – പള്ളിത്താഴം വലിയ തോട് താഴ്ത്തി സൈഡു കെട്ടിയാൽ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ 5, 7, 8, 9 വാർഡുകൾക്ക് പ്രയോജനപ്പെടുന്നതാണ്. കിഴക്കമ്പലം ഗ്രാമപഞ്ചായത്തിനും പ്രയോജനപ്പെടുന്നതാണ്.

13. വെമ്പിളി – മോറക്കാല വലേരി മുക്ക് തോട് സൈഡ് കെട്ടി സംരക്ഷിച്ചാൽ 1, 2, 3, 4, 6, 11 എന്നീ വാർഡുകളിലെ നെൽകൃഷിക്കും ജലസേചനത്തിനും പ്രയോജനപ്പെടുന്നതാണ്.

15. വടവുകോട് – പുത്തൻകുരിശ് ഗ്രാമപഞ്ചായത്തുകളിൽ ബന്ധിക്കുന്ന കാണിനാട് പനമ്പേലി മുക്ക് തോട് സൈഡ് കെട്ടി സംരക്ഷിക്കുക. പഞ്ചായത്തിലെ 1, 2, 3, 4, 11 വാർഡുകളിൽ നെൽകൃഷിക്ക് പ്രയോജനം ലഭിക്കുന്നു.

15. പാപ്പാറക്കടവ്, മഞ്ചേരിക്കുഴിതോട് സംരക്ഷിക്കുക.

16. തൃക്കാക്കര, കിഴക്കമ്പലം, കുന്നത്തുനാട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോച്ചേരിതാഴം, മനക്കക്കടവ് കടമ്പ്രയാർ, പാടത്തിക്കര കടവ് പ്രദേശത്തുള്ള തോട് ഡ്രസ്ജ് ചെയ്ത് താഴ്ത്തി സമീപ പ്രദേശങ്ങളിലെ കൃഷിക്ക് ശാപമായിമാറിയ വെള്ളക്കെട്ട് ഒഴിവാക്കുക.

17. കക്കടായി മൂല, പെരിങ്ങാല തോട് സംരക്ഷിച്ചാൽ 2, 11 എന്നീ വാർഡുകൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

18. പെരിങ്ങാല ബ്രാഞ്ച് കനാൽ ചോക്കാട്ടു ചിറയിലേക്ക് ബന്ധിപ്പിച്ചാൽ 1, 2, 6 വാർഡുകളിലെ നെൽകൃഷിക്ക് പ്രയോജനകരമാവും.

19. ചാൽപ്പാടം, കണ്ടങ്ങാത്താഴം തോട് ഞാറല്ലൂർ തോട്ടിലേക്കു ബന്ധിപ്പിച്ചാൽ 8, 9 വാർഡുകളിലെ നെൽകൃഷിക്ക് പ്രയോജനകരമാവും.

## അഗ്രികൾച്ചറൽ ആഫീസർ കൃഷിഭവൻ കുന്നത്തുനാട് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ

1 നെൽകൃഷിവികസനരംഗത്ത് മുൻകാലത്ത് നടപ്പിലാക്കിയിരുന്ന പദ്ധതികളും ചില വ്യത്യാസങ്ങളോടെ താഴെ ചേർക്കുന്നു..

1) 50% സബ്സിഡി നിരക്കിൽ കീടനാശിനി, കുമിൾ നാശിനി, കളനാശിനി, കുമ്മായം എന്നിവ കർഷകർക്ക് അനുവദിക്കുക.
2) 50 % സബ്സിഡി നിരക്കിൽ കുറഞ്ഞവിലപമ്പും മോട്ടർ പമ്പും അനുവദിക്കുക
3) 50 % സബ്സിഡി നിരക്കിൽ കർഷകർക്ക് മെതിയന്ത്രം ട്രാക്ടർ, ടില്ലർ എന്നിവ അനുവദിക്കുക
4) ഉല്പാദന ബോണസ്സിന്റെ നിരക്കു് സെന്റിന് 2 രൂപ എന്ന തോതിൽ വർദ്ധിപ്പിക്കുക.

2 കേര വികസന മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1) കർഷകർക്ക് 50 % സബ്സിഡി നിരക്കിൽ വളം നൽകുക,
2) കിണർ കുഴിക്കുന്നതിനും പമ്പുസെറ്റു വാങ്ങുന്നതിനും നിലവിലുള്ള ആനുകൂല്യം വർദ്ധിപ്പിക്കുക
3) രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റുന്നതിനുള്ള ആനുകൂല്യം തെങ്ങൊന്നിന് 500 രൂപയാക്കി വർദ്ധിപ്പിക്കുക.

3 പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട കർഷകരുടെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്

1) കിണർ കുഴിക്കുന്നതിനുള്ള ആനുകൂല്യം വർദ്ധിപ്പിക്കുക
2) പമ്പ് സെറ്റ് വാങ്ങുന്നതിനും പണി ആയുധം വാങ്ങുന്നതിനും കൂടി സബ്സിഡി ഉൾപ്പെടുത്തുക.
3) കയ്യാല നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം വർദ്ധിപ്പിക്കുക.

4 പച്ചക്കറി വികസനത്തിനുള്ള പദ്ധതികൾ

1) വിത്തും വളവും സൗജന്യമായി നൽകുക.
2) കീടനാശിനിക്ക് സബ്സിഡി ഏർപ്പെടുത്തുക.
3) മേന്മയുള്ള പച്ചക്കറി വിത്തുകൾ കർഷകന് ലഭ്യമാക്കുക.

5 പുഷ്പ കൃഷി വികസനത്തിനുള്ള പദ്ധതികൾ

1) നിലവിലുള്ള നേഴ്സറികൾ വികസിപ്പിക്കുന്നതിനായി ആനുകൂല്യങ്ങൾ നൽകുക.
2) പുതുതായി പുഷ്പ കൃഷി ചെയ്യുന്നവരെ പ്രോൽസാഹിപ്പിക്കുക

6 മറ്റു പദ്ധതികൾ

1) കമുകിന്റെ മഞ്ഞളിപ്പിന് എതിരായി മരുന്നുതളി സബ്സിഡിയോടു കൂടി നടപ്പിലാക്കുക.
2) കൂൺകൃഷി പ്രോൽസാഹിപ്പിക്കുക
3) കൃഷി ഇടങ്ങളിൽ മീൻ വളർത്തൽ പ്രോൽസാഹിപ്പിക്കുക,
4) ഏത്തവാഴ കൃഷിക്കും ആനുകൂല്യങ്ങൾ ഏർപ്പെടുത്തുക.
5) പഴയ കിണറുകൾ നന്നാക്കുന്നതിനും പദ്ധതി നടപ്പിലാക്കുക
6) മണ്ണ് സംരക്ഷണം എന്ന രീതിയിൽ കയ്യാല പണിയുന്നതിന് സബ്സിഡി അനുവദിക്കുക.
7 ഫാം റോഡുകളുടെ നിർമ്മാണത്തിനും സബ്സിഡി അനുവദിക്കുക.
8) കുഴൽ കിണർ കുഴിക്കലും സംരക്ഷണവും വ്യാപിപ്പിക്കുക.
9) 'കാഡാ' ഏല്പിക്കുന്ന പണികൾ ഏർപ്പാടാക്കുക
10) വാട്ടർ അതോറിട്ടി ഏർപ്പെടുത്തുന്ന ജലവിതരണ പദ്ധതികൾ നടപ്പാക്കുക. അവയുടെ പരിപാലനം ചിട്ടപ്പെടുത്തുക
11) കർഷകരുടെ സഹകരണത്തോടെ പാടത്ത് നീർച്ചാലുകൾ നിർമ്മിക്കുക.

അനുബന്ധം–3

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് 3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ

( **Ref;** അടിസ്ഥാന വിവര രജിസ്റ്റർ )

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 681 ഹെക്ടർ |
| പുരയിടം | — |
| പുറമ്പോക്ക് | — |
| കൃഷിയോഗ്യ തരിശ് | — |
| കൃഷിയോഗ്യമല്ലാത്ത തരിശ് | — |
| ആകെ | 681 ഹെക്ടർ |

അവലംബം : കൃഷിഭവൻ, പട്ടിമറ്റം

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് 3.2 വിള വിസ്തീർണ്ണവും ഉത്പാദനവും

**Ref** : അടിസ്ഥാന വിവര രജിസ്റ്റർ

| വിള | വിസ്തീർണ്ണം ഹെക്ടറിൽ | മൊത്ത ഉത്പാദനം | ഉത്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 451 | 902000 Kg. | 2000 Kg. |
| നെല്ല് (രണ്ടാം വിള) | 681 | 1396050 ,, | 2050 ,, |
| നെല്ല് (മൂന്നാം വിള) | 597 | 1194000 ,, | 2000 ,, |
| പയർ | 9 | 9000 ,, | 1000 ,, |
| എള്ള് | 7 | 6650 ,, | 950 ,, |
| പച്ചക്കറികൃ കുമ്പളം, പാവൽ പടവലം | 718 | — | — |
| തെങ്ങ് | 750 | — | — |

| വിള | വിസ്തീർണ്ണം ഹെക്ടറിൽ | മൊത്ത ഉത്പാദനം | ഉത്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| കായ്ഫലം തെങ്ങ് | 500 | 2450000 എണ്ണം | 4900 എണ്ണം |
| വാഴ | | | |
| നേന്ത്രവാഴ | 19 | 179000 Kg. | 9000 Kg. |
| മരച്ചീനി | 21 | 189000 ,, | 9000 ,, |
| കുരുമുളക് | 20 | 20000 ,, | 10000 ,, |
| പ്ലാവ് | 10 | 12000 ,, | 1200 ,, |
| കശുമാവ് | 1.5 | 4125 ,, | 2750 ,, |
| മാവ് | — | — | — |
| റബ്ബർ | — | — | — |
| കവുങ്ങ് | 20 | 15000 ,, | 750 ,, |
| 1 തെങ്ങിൻ ഉല്പാദനം | — | — | 35 തേങ്ങ |
| 1 ഹെക്ടറിൽ തെങ്ങ് | 140 തെങ്ങ് | — | 32 ,, |
| സംസ്ഥാന ശരാശരി | ,, | — | 35 ,, |
| വില്ലേജ് ശരാശരി | ,, | — | — |

അവലംബം ; കൃഷി ഓഫീസ് പട്ടിമറ്റം 1996

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് 3.5 നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993–94 | 1994–95 | 1995–96 |
| തെങ്ങ് | 600 | 505 | 570 |
| കശുമാവ് | — | — | — |
| കുരുമുളക് വള്ളികാല | — | 755 | 16000 |
| ജാതി | — | 150 | — |
| ഒട്ടുമാവ് | 40 | — | — |
| നെൽവിത്ത് | 240 kg. | 1200 kg. | ത്രീവേണി 160 kg.<br>ജ്യോതി 180 kg. |
| സപ്പോട്ടിക്ക ഗ്രാഫ്റ്റ് | 8 | — | — |
| ഗ്രാമ്പു തൈ 50 % സബ്സിഡി | — | 50 | — |

അവലംബം : കൃഷി ഭവൻ പട്ടിമറ്റം 1996

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്
## 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | | | | | | NIL |
| 1994-95 | | | | | 530<br>56 | 47850 രൂ.<br>1200 kg. നെൽ വിത്ത് |
| 1995-96 | | | 2 ഹെക്ടർ വരെ | | 145<br>46 | 33875 രൂ.<br>870 kg. നെൽവിത്ത് |

അവലംബം : കൃഷിഭവൻ പട്ടിമറ്റം 1996

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്
## 3.8 കാർഷികോപകരണങ്ങൾ

| വാഡ് നമ്പർ | ഉഴവുപകരണം | | | മരുന്നുതളി ഉപകരണം | | | മെതിയന്ത്രം | തെങ്ങുകയറ യന്ത്രം | ഷോർട്ട് ബീം പമ്പു സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ 96-96 | നാപ്സ് റാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 5 | 1 | 3 | | ചവിട്ട് 2 | | | | | 1 |
| 6 | | 1 | | 1 | | | | | |
| 7 | | 1 | | | | | | | 3 |
| 1 | | 1 | | | | | | | 2 |
| 8 | | | | 2 | | | 1 | | 4 |
| 10 | | | | | | | | | 3 |
| 3 | | | | 1 | | | | | |
| 4 | | | | | | | | | 3 |

അവലംബം : കൃഷിഭവൻ പട്ടിമറ്റം 1996

## മൈനർ ഇറിഗേഷൻ അസിസ്റ്റൻറ് എൻജിനീയർ, പട്ടിമറ്റം

പട്ടിമറ്റം മൈനർ ഇറിഗേഷൻ ഓഫീസ് ജലസേചന മേഖലയുമായി ബന്ധപ്പെട്ടതാണ്. തിരുവാണിയൂർ, വാഴക്കുളം, കിഴക്കമ്പലം കുന്നത്തുനാട്, വടവുകോട് പുത്തൻകുരിശ്, ഐക്കരനാട്, പുത്തൃക്ക, മഴുവന്നൂർ എന്നീ എട്ട് വില്ലേജുകൾക്കും നിലവിലുള്ള മൈനർ ഇറിഗേഷൻ ഏറെറടുത്തു നടപ്പിലാക്കേണ്ട ഒരു പ്രവർത്തന മേഖലയാണ്. എന്നാൽ കുഴൽക്കിണർ നിർമ്മാണം മൈനർ ഇറിഗേഷനിൽ വരുന്നില്ല. കുളം, ചിറ. കിണർ, ക്രോസ്സ്ബാർ എന്നിവയുടെ പണിയും പരിപാലനവും ഈ സെക്ഷന്റെ മേൽ നോട്ടത്തിൽപ്പെടുന്നു. ഇതുവരെ ചെയ്തുതീർത്ത ജോലികളുടെയും ഇനി ചെയ്തു തീർക്കേണ്ടതുമായ ജോലികളുടെയും വിവരങ്ങൾ തുടർന്നുള്ള പട്ടികകളിൽ ചേർത്തിരിക്കുന്നു.

### അനബന്ധം – 6

### 6.1 പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം (ഹെ) | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | ചാക്കോത്തു മല L. I. സ്ക്കീമിന് ആവശ്യമായ അടിയന്തിരമായ റിപ്പയർ ജോലികൾ | 1987 | 1994-95 | 3.77 ലക്ഷം | 24.17 ഹെക്ടർ | |
| 3 | പെരിങ്ങാല നെറു കുടിത്താഴം ക്രോസ്സ്ബാർ | 11/1995 | 8/1996 | 1.8 ലക്ഷം | 9.5 ഹെക്ടർ | |
| 3 | ഞാറല്ലൂർ തോട് ക്രോസ്ബാർ (പുഞ്ചപ്പുതുശേരി താഴം) | 4/1994 | 80 % പൂർത്തിയായി | 1.8 ലക്ഷം | — | |

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

### 6.2 നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം (ഹെ) | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | നീലിമല പട്ടിക ജാതി കോളനി L. I. സ്കീം | 18.65 ഹെക്ടർ | 4.15 ലക്ഷം രൂ. | |
| 2 | കാവുംതൊട്ടി (പെരിങ്ങാല തോട്) | | 1.9 ലക്ഷം രൂ. | ജലസേചനത്തിനു ശുദ്ധജലവിതരണത്തിനും |
| 3 | തെള്ളിവയൽ തോട് സാംഗ്ഷൻ ആയിട്ടില്ല | | 3.3 ലക്ഷം രൂ. | കുടിവെള്ള സൗകര്യം |
| 4 | പെരുന്തിക്കര (പട്ടികജാതി കോളനി) എസ്റ്റിമേറ് സമർപ്പിച്ചിട്ടുണ്ട്. സാംഗ്ഷൻ ആയിട്ടില്ല. | | 9.6 ലക്ഷം രൂ. | |
| 5 | എർപ്പുംപ്പാറ പട്ടികജാതി കോളനി L. I. സ്കീം | | 21000 രൂ. | കുടിവെള്ളം |

അവലംബം ; മൈനർ ഇറിഗേഷൻ ഓഫീസ് പട്ടിമറ്റം (1996)

## അനബന്ധം – 2

### കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

### 2.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: A രജസ്റ്റർ, BT രജിസ്റ്റർ)

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1–10 സെന്റ് | 10–25 സെന്റ് | 24–50 സെന്റ് | 50–100 സെന്റ് | 1–7 ഏക്കർ | 2–5 ഏക്കർ | 5 ഏക്കറിനു മേൽ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| കുന്നത്തുനാട് | 2625 | 1355 | 271 | — | 4251 | 1488 | 875 | 725 | 2000 | 1750 | 925 | 27 |
| | 637.88.05 | 67.44.29 | | | | | | | | | | |
| പട്ടിമറ്റം | | | 80.43.95 | — | 785.76.29 | 452 | 572 | 1173 | 1340 | 825 | 210 | 15 |
| ആകെ | 3262.88.05 | 1422.44.29 | 351.43 | — | 5036.76 | 19.40 | 1447 | 1898 | 3340 | 2575 | 1135 | 42 |

അവലംബം : വില്ലേജാഫീസ് കുന്നത്തുനാട്, പട്ടിമറ്റം

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

### 2.2 പുറമ്പോക്കു ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref : പുറമ്പോക്കു രജിസ്റ്റർ)

| വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഏക്കർ) | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | റോഡ് | തോട് | കുളം | പുഴ | റെയിൽവേ | റവന്യു | വനം | കാവ് | Others (PVI) | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| കുന്നത്തുനാട് | 113 | 33 | 6 | 30 | — | 46 | — | 8 | 35 | 271 |
| | 10.15.15 | 7.40.35 | | | | | | | | |
| പട്ടിമറ്റം | 22.61.08 | 5.95.48 | | | 80.53.95 | | | | | 22.61.08 |
| ആകെ | | | | | | | | | | |

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

### പതിച്ചുകൊടുക്കാവുന്ന ഭൂമി സംബന്ധിച്ച: വിവരങ്ങൾ (Ref: രജിസ്റ്റർ No 5)

| വില്ലേജിന്റെ പേര് | വിസ്തീർണ്ണം (ഏക്കറിൽ) | | | | | സ്ഥാവര വസ്തുക്കളുടെ വിവരം |
|---|---|---|---|---|---|---|
| | പുരയിടം | നിലം | തരിശ് | മറ്റുള്ളവ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| കുന്നത്തുനാട് | | | | | | റവന്യുവിന്റെ അധീനതയിൽ പതിച്ചുകൊടുക്കാവുന്ന ഭൂമികയം ഇല്ല |
| പട്ടിമറ്റം | 12.10.25 | | | | 12.10.25 | വ്യക്തികയം കൈവശത്തിൽ ഇരിക്കുന്നു |
| ആകെ | | | | | | |

അവലംബം : വില്ലേജ് ഓഫീസ് കുന്നത്തുനാട്, പട്ടിമറ്റം

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

### 2.4 സംരക്ഷിത വൃക്ഷങ്ങളുടെ വിവരങ്ങൾ (Ref : രജിസ്റ്റർ നമ്പർ 5)

| വില്ലേജിന്റെ പേര് | വൃക്ഷങ്ങളുടെ എണ്ണം | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | ഈട്ടി | തേക്ക് | മരുത് | തേന്മാവ് | ആഞ്ഞിലി | ചന്ദനം | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| കുന്നത്തുനാട് | | 6 | | | | | | | |
| ആകെ | | | | | | | | | |

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

### 2.5 പെൻഷൻ, ധനസാഹയം സംബന്ധിച്ച വിവരങ്ങൾ (Ref : പെൻഷൻ രജിസ്റ്റർ)

| വില്ലേജ് | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ പെൻഷൻ | അവശ കലാകാര / സാഹിത്യകാര പെൻഷൻ | അവശ കായിക താര പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷകതൊഴിലാളി പെൻഷൻ | തൊഴിലുറപ്പ് പദ്ധതി |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| കുന്നത്തുനാട് | 182 | 65 | 28 | 89 | — | — | 3 | — | 5 | 110 | 289 |

അവലംബം : വില്ലേജ് ഓഫീസ് കുന്നത്തുനാട്, പട്ടിമറ്റം

## മൃഗസംരക്ഷണം-മത്സ്യബന്ധനം

ഇന്നത്തെ അവസ്ഥയിൽ പ്രാധാന്യമേറിയ ഒരുതൊഴിൽ മേഖലയാണ് കന്നുകാലി വളർത്തൽ കൃഷി ആദായകരമല്ലാത്തതിനാൽ ഉഴവുന്നതിനു കാലികളെ വളർത്തി സംരക്ഷിക്കുക വളരെ നഷ്ടംതന്നെയാണ്. പശു,ആട്,എരുമ തുടങ്ങിയ മൃഗങ്ങളെ വളർത്തുകയാണ് കൃഷിക്കാവശ്യമായ ചാണകം ലഭിക്കുന്നതിന് ഒരു മാർഗം. എന്നാൽ ഇവയ്ക്ക് തീറ്റക്കാവശ്യമായ പുല്ല് വളർത്തിയെടുക്കുന്നതിന് നല്ല പരിചരണും പരിശീലനവും ആവശ്യമാണ്.

മൃഗസമ്പത്തിന്റെ ആരോഗ്യ പരിരക്ഷ (അസുഖങ്ങളുടെ ചികിത്സ, പകർച്ചവ്യാധികളുടെ തക്കസമയത്തുള്ള നിയന്ത്രണപ്രതിരോധ നടപടികം മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന അസുഖങ്ങൾക്കെതിരെ നടപടി) ഏറ്റവും പ്രധാനമാണ്. പ്രധാന ജന്തുജന്യ ഉൽപന്നങ്ങളായ പാൽ,മുട്ട,മാംസം എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തമാവുക

ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചു വരുന്നു വൈവിധ്യമാർന്ന ആഹാരരീതികം ശീലിച്ചിട്ടുള്ള നമ്മുടെ ജനതയുടെ ആവശ്യങ്ങം നിറവേറ്റുവാൻ വർദ്ധിച്ചതോതിലുള്ള ധാന്യോൽപാദനംകൊണ്ട് കഴിയില്ല. മാസ്യം ധാരാളമുള്ള മുട്ട, മത്സ്യം,മാംസം എന്നിവയുടെ ഉല്പാദനം ഗണ്യമായി വർധിപ്പിച്ച് സമീകൃതമായ ഒരു ആഹാരചര്യ സാധിക്കുന്നതിലൂടെ മാത്രമേ നമ്മുടെ ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. ഈദൗത്യം ഏറ്റെടുക്കുവാൻ മൃഗസംരക്ഷണ മേഖലക്ക് കഴിയും എന്നത് നസ്തർക്കമാണ്. അർഹിക്കുന്ന ശ്രദ്ധ ഈ മേഖലയിൽ കൊടുക്കണമെന്നുമാത്രം. സംസ്ഥാനത്തിന്റെ മൊത്തം ഗാർഹിക വരുമാനത്തിന്റെ 40% നൽകുന്ന മൃഗസംരക്ഷണ മേഖലക്ക് നീക്കിവെക്കപ്പെട്ട പദ്ധതി വിഹിതം കേവലം 9% മാത്രമായിരുന്നു. എന്നാൽ 91% പദ്ധതി തുകകം എടുക്കുന്ന മേഖലകം എല്ലാംകൂടി നൽകുന്നത് കേവലം 60% മാത്രവും.

ഉൽപാദന ശേഷികുറഞ്ഞ നമ്മുടെ കന്നുകാലി സമ്പത്തിന്റെ 60%ത്തിൽ അധികവും ഉൽപാദന ക്ഷമത കൂടിയ മേൽത്തരംസങ്കരയിനങ്ങളാക്കി മാറ്റിയത് ഈ മേഖലയുടെ പ്രവർത്തന ഫലമാണ്.നാടൻ പശുക്കളുടെ ഉൽപാദനം 30% വർദ്ധിച്ചപ്പോം സങ്കരയിനം പശുക്കളിൽ നിന്നുള്ള ഉൽപാദനം 80% വരെ ഉയർന്നു.

സംസ്ഥാനത്തിന്റെ പാലുൽപാദനം 1960കളിൽ 2.5 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 80-81ൽ 9.08 ആയും 95-96ൽ 22.46 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. പാലിന്റെ പ്രതിശീർഷ ഉപയോഗം 175 ഗ്രാം മാത്രമാണ്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൻ റിസർച്ച് ശുപാർശ ചെയ്യുന്ന 250 ഗ്രാമിലെത്താൻ 2000 ആണ്ടോടെ നമ്മുടെ ഉൽപാദനം 35 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ വിഹിതം നൽകുവാൻ ആസൂത്രണത്തിനു കഴിയണം.

സംസ്ഥാനത്തിന്റെ ഇറച്ചി ഉൽപാദനം കേവലം 1.42 ലക്ഷം മെട്രിക് ടൺ മാത്രമാണ്.നിർദേശിക്കപ്പെട്ടിരിക്കുന്നതിനേക്കാം വളരെകുറവ് പ്രതിശീർഷ ഉപയോഗം കേവലം 35 ഗ്രാം. വർദ്ധിച്ച തോതിൽ ഇതിനെ നാം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. കോടികം മുതൽ മുടക്കി ബൃഹത്തായ അറവുശാലകം അന്യ സംസ്ഥാനങ്ങളിൽ ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ മാംസ ലഭ്യതയിനിയും കുറയും എന്ന് വ്യക്തം. ഇറച്ചികോഴി വളർത്തൽ, പന്നി, മുയൽ,ആട്,താറാവ്,പശുക്കം എന്നിവകളുടെ വളർത്തൽ പ്രോൽസാഹിപ്പിച്ചാൽ ഈ അവസ്ഥക്കു പരിഹാരമുണ്ടാകും

കേരളത്തിലെ പ്രതിവർഷ മുട്ട ഉൽപാദനം 207 കോടിയാണ് ഇതിന്റെ അധികഭാഗവും അധിക ചിലവൊന്നുംകൂടാതെ വീടുകളിൽതന്നെ ഉൽപാദിപ്പിക്കപ്പെടുന്നു.മണ്ണിന്റെ ശക്തിയുംവീര്യവും നിലനിർത്താനുതകുന്ന ജൈവ വളങ്ങളുടെ ഗണ്യമായ വർദ്ധനവ്, ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ സ്രോതസുകളുടെ ആവിർഭാവം പരിസ്ഥിതി നാശം ഇല്ല എന്നുപറയാം അധിക

നഷ്ടം സംഭവിക്കാതെ എതവസരത്തിലും നിർത്താവുന്ന പദ്ധതികൾ

ഈ പഞ്ചായത്തിൽ 5 ക്ഷീര സഹ; സംഘങ്ങളും അത്രയുംതന്നെ സ്വകാര്യ ഡയറികളും പ്രവർത്തിക്കുന്നു. 1,2,3,4,9 എന്നീ വാർഡുകളിൽ പുതിയ ക്ഷീര സഹ; സംഘങ്ങൾ തുറന്ന് പ്രവർത്തിക്കണം. പശുക്കളെ വാങ്ങിക്കുന്നതിന് ലോൺ അനുവദിക്കുക, പശുക്കളെ ഇൻഷുർ ചെയ്യുക നല്ല ഇനം പശുകുട്ടികളെ വിതരണം ചെയ്യുക ക്ഷീര കർഷകർക്ക് ക്ഷേമ പദ്ധതി നടപ്പിലാക്കുക

പാല് ഉൽപാദനം വർദ്ധിപ്പിക്കുവാൻ കാലിത്തീറ്റ ആവശ്യത്തിനു ലഭ്യമാക്കുക, ബ്ലോക്ക് തലത്തിലോ ജില്ലാതലത്തിലോ കാലിത്തീറ്റകൾ ശേഖരിക്കയോ ഉൽപാദിപ്പിക്കുകയോ വേണം വാർഡ് 8,9,10 എന്നിവയുടെ കേന്ദ്രസ്ഥാനമായ പട്ടിമറ്റത്ത് ഒരു പുതിയ മൃഗാശുപത്രി തുടങ്ങുക ആവശ്യമായ മറ്റുസ്ഥലങ്ങളിൽ വെറ്റിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക

3-ാം വാർഡിലും സമീപ വാർഡുകൾക്കും കൂടി ഉപയോഗ പ്രദമായവിധം മത്സ്യ ഭവനം ആരംഭിക്കണം. ഒന്നാംവാർഡിലെ കളരിക്കൽകുളം മത്സ്യം വളർത്തുന്നതിന് ഉപയോഗിക്കുക. കോഴിവളർത്തൽ,താറാവ് വളർത്തൽ, ആട്, പന്നി എന്നിവ വളർത്തി കുടിൽ വ്യവസായമായി വികസിപ്പിച്ച് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മൃഗസമ്പത്ത് വർദ്ധിപ്പിക്കുക എന്നത് അതിപ്രധാന വസ്തുതയാണ്.കൂടാതെ ദിനംപ്രതി ലക്ഷക്കണക്കിന് മുട്ട അന്യ സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ വ്യാപാര കേന്ദ്രങ്ങളിലെത്തുന്നു. നമ്മുടെ പ്രതിശീർഷ മുട്ടയുടെ ഉപയോഗം 75 ആണ് W.H.O. ശുപാർശ ചെയ്തിരിക്കുന്നത് 182 ആണ്. മുട്ട ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇതിൽനിന്നും വ്യക്തമാണല്ലോ

ഇവിടെയാണ് മൃഗ സംരക്ഷണ മേഖലയുടെ വർദ്ധിച്ച പ്രാധാന്യം മനസിലാക്കേണ്ടത്. മൃഗ-കന്നുകാലിസമ്പത്തിന്റെ 95%വും ഗ്രാമപ്രദേശങ്ങളിലാണ്. തൊഴിലില്ലാത്തവർക്കു മുഖ്യതൊഴിൽ, ഉള്ളവർക്ക് ഉപതൊഴിൽ, വിദ്യാർത്ഥികൾക്കുപോലും സ്വന്തമായ വരുമാനം സൃഷ്ടിക്കുന്ന ആകർഷണീയ മേഖല മറ്റൊന്ന് ഗ്രാമത്തിൽ ഉണ്ടാവുകയില്ല. കുടുംബ വരുമാനം വർദ്ധിക്കുന്നു, ബയോഗ്യാസ് ഉപയോഗിക്കാൻകൂടി കഴിഞ്ഞാൽ ഊർജ പ്രതിസന്ധിക്കും ഒരുപരിഹാരം.

മനുഷ്യർക്ക് ഉപയോഗപ്രദമല്ലാത്ത ഭക്ഷണ സാധനങ്ങളെയും അവശിഷ്ടങ്ങളെയും പോഷക മൂല്യമുള്ള മാംസാഹാരമായി പരിവർത്തനം ചെയ്യുന്നു (പ്രധാനമായും പന്നിവളർത്തൽ)

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

### 4 . 1 വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | പൂർണ്ണവളർച്ചയെത്തിയവ | വളർച്ചയെത്തിയവ | പൂർണ്ണവളർച്ചയെത്തിയവ | വളർച്ചയെത്തിയവ | കറവയുള്ളവ | കറവയില്ലാത്തവ | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | പോത്ത് | ആട് | പന്നി |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2 | 30 | 1 | 32 | 70 | 120 | 88 | 96 | 9 | 3 | 21 | 93 | 39 |
| 2 | 1 | 36 | 1 | 28 | 77 | 105 | 68 | 93 | 3 | 2 | 24 | 80 | 48 |
| 3 | — | 35 | 1 | 26 | 64 | 115 | 66 | 79 | 1 | 1 | 23 | 60 | 46 |
| 4 | 1 | 35 | 2 | 27 | 77 | 104 | 86 | 86 | 4 | 6 | 12 | 69 | 63 |
| 5 | 1 | 49 | 1 | 21 | 87 | 132 | 90 | 94 | 3 | 4 | 26 | 93 | 79 |
| 6 | 1 | 48 | 1 | 25 | 65 | 115 | 56 | 96 | 2 | 1 | 17 | 35 | 66 |
| 7 | 2 | 40 | 2 | 21 | 78 | 107 | 59 | 82 | 1 | 3 | 18 | 65 | 68 |
| 8 | 1 | 35 | 1 | 17 | 82 | 106 | 61 | 95 | 2 | 2 | 14 | 84 | 65 |
| 9 | 1 | 34 | 2 | 19 | 81 | 108 | 70 | 94 | 7 | 4 | 25 | 82 | 49 |
| 10 | 2 | 39 | 1 | 18 | 68 | 115 | 64 | 79 | 3 | 3 | 29 | 86 | 76 |
| 11 | 1 | 28 | 1 | 26 | 70 | 114 | 94 | 86 | 7 | 5 | 83 | 81 | 34 |
| ആകെ | 13 | 409 | 14 | 260 | 828 | 1241 | 802 | 980 | 42 | 34 | 232 | 879 | 633 |

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

### 4.2 വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 6 | 6 | 7 |
| 1 | 433 | 415 | 638 | 48 | 111 | |
| 2 | 447 | 434 | 539 | 7 | 16 | |
| 3 | 382 | 398 | 464 | 3 | 9 | |
| 4 | 415 | 393 | 550 | 43 | 98 | 9 |
| 5 | 615 | 574 | 705 | 54 | 125 | 6 |
| 6 | 523 | 509 | 710 | 6 | 10 | 7 |
| 7 | 385 | 380 | 669 | 6 | 16 | |
| 8 | 418 | 305 | 605 | 11 | 25 | 4 |
| 9 | 383 | 282 | 638 | 32 | 74 | |
| 10 | 542 | 485 | 710 | 9 | 21 | 2 |
| 11 | 332 | 377 | 601 | 29 | 71 | |
| ആകെ | 4877 | 4552 | 6829 | 248 | 576 | 28 |

## വർഷം തിരിച്ചുള്ള കണക്കുകൾ 1996-97

| വർഷം | തെരഞ്ഞെടുത്ത കന്നുകുട്ടി ജാതി എണ്ണം | ആകെ വിതരണം ചെയ്ത കാലിത്തീറ്റ Kg. | ഗുണഭോക്താക്കളുടെ വിഹിതം Rs. | സബ്സിഡി Rs. |
|---|---|---|---|---|
| 94—95 | 37 | 18382.50 | 36981.55 | 33088.50 |
| 95—96 | 36 | 20890 | 51180.50 | 47313.50 |
| 96—67 | — | 10622.50 | 30997.00 | 24415.50 |
| ആകെ | 63 | 49895 | 119159.05 | 104817.50 |

(അവലംബം മൃഗാശുപത്രി പെരിങ്ങാല)

## (പ്രത്യേക കന്നുകുട്ടി പരിശീലന പദ്ധതി

(1994–95 മുതൽ തുടർന്നുകൊണ്ടിരിക്കുന്നു)

പദ്ധതി വിവരം 4–മുതൽ 9 മാസം വരെ പ്രായമുള്ള സങ്കരഇനം പശുക്കിടാങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് 32 മാസം വരെയോ, പ്രായമാകുന്നതു വരെയോ, ആദ്യത്തെ പ്രസവം വരെയോ (ഏതാണ് ആദ്യം അത് വരെ) സബ്സിഡി (50% നിരക്കിൽ) ശാസ്ത്രീയമായ അളവിൽ ക്ഷീര സഹകരണസംഘങ്ങളുടെ സഹകരണത്തോടെ കാലിതീറ്റ വിതരണം ചെയ്യുന്നു.

പാലുത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പരമമായ ലക്ഷ്യം. ആദ്യത്തെ പ്രസവം 30 മാസത്തിനകം ആക്കുകയും പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

**മൃഗസംരക്ഷണം** : (പൊതു നിർദ്ദേശങ്ങൾ)

വികസന പ്രവർത്തനങ്ങളുടെയും, കന്നുകാലി രോഗ ചികിൽസയുടെയും, കേന്ദ്രമായിരുന്ന മൃഗാശുപത്രിയുടെ സൗകര്യങ്ങളുടെ വികസനം അനിവാര്യമാണ്.ആശുപത്രിയിൽ ട്രെമിഡ് ഉണ്ടാക്കണം. ലാബറട്ടറി സൗകര്യം, വെള്ളത്തിന് പൈപ്പ് കണക്ഷൻ എന്നിവ ആശുപത്രിയിൽ അത്യാവശ്യമാണ്. സർക്കാർ നടപ്പാക്കുന്ന പദ്ധതി യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടോ എന്നും പദ്ധതിയുടെ പുരോഗതി പരിശോധിക്കുന്നതിനും, ഒരു മോണിട്ടറിംഗ് കമ്മറ്റി ആവശ്യമാണ്. ഈ മേഖലയുടെ വിവിധ വശങ്ങളെകുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനാവശ്യമായ സെമിനാറുകളും, ചർച്ചാക്ലാസുകളും സംഘടിപ്പിക്കേണ്ടതാണ്. മൃഗസംരക്ഷണ മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുക. ഉയർന്ന ജനിതക ഗുണങ്ങളുള്ള സങ്കരയിനം കന്നുകാലികൾ വ്യാപകമാക്കേണ്ടതുണ്ട്. അനുബന്ധ ഘടകങ്ങളായ കാലിതീറ്റ, ശരിയായ ചികിത്സ, ശാസ്ത്രീയ പരിപാലനം എന്നിവ ഉറപ്പുവരുത്തണം. തീറ്റപ്പുൽ കൃഷി ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുവാൽ ഇനിയും കഴിഞ്ഞിട്ടില്ല; തേങ്ങ ആട്ടി വെളിച്ചെണ്ണ ആക്കുന്ന പ്രക്രിയ ഇവിടെ നടത്തുകയും അതിന്റെ ഉപോല്പന്നമായ പിണ്ണാക്ക് ഉപയോഗിച്ചുകൊണ്ടുള്ള കാലിതീറ്റ നിർമ്മാണം വർദ്ധിപ്പിക്കണം. തൊഴിൽ രഹിതരായ ഗ്രാമീണ സ്ത്രീകളെ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ആഭിമുഖ്യമുള്ളവരാക്കുക.ശാസ്ത്രീയമായ കശാപ്പുശാലകൾ നടത്തുക. ഇവയുടെ ഉപോല്പന്നങ്ങൾ ഉപയോഗിച്ച് വ്യാവസായിക യൂണിറ്റുകൾ പുതുതായി ആരംഭിക്കണം. ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുക. വീട്ടുവളപ്പിലെ കോഴിവളർത്തൽ വിപുലപ്പെടുത്തുക. പഞ്ചായത്തു തലത്തിൽ കന്നുകാലി പ്രദർശനം നടത്തുക സ്കൂളുകളിൽ പൗൾട്രി ക്ലബ്ബ് രൂപീകരിക്കുക.

# ഗതാഗതം -ഊർജ്ജം

**ആമുഖം**

വൈദ്യുതിയും വൈദ്യുതേതര ഊർജ്ജ സ്രോതസ്സുകളായ മണ്ണെണ്ണ, വിറക് പാചകവാതകം, കൽക്കരി, എണ്ണയുല്പന്നങ്ങൾ തുടങ്ങിയവയും ചേർന്നുള്ള ഊർജ്ജാസൂത്രണമാണ്.

ഊർജ്ജം എന്ന വിഭാഗത്തിൽപ്പെടുന്ന വ്യവസായ ഇന്ധനങ്ങളായ, കല്ക്കരി, എണ്ണ, എണ്ണയുൽപ്പന്നങ്ങളുടെ ലഭ്യത, ഡിമാൻറ്, മാനേജ് മെൻറ് എന്നിവ വൻകിട ജലവൈദ്യുത പദ്ധതികൾ, താപനിലയങ്ങൾ കേന്ദ്ര സംസ്ഥാനങ്ങളുടെ പരിധിയിൽ വരുന്ന ആസൂത്രണങ്ങളിൽപ്പെട്ടവയാണ്.

ഇന്ത്യയിൽ ഉടനീളവും കേരളത്തിൽ പ്രത്യേകിച്ചും കല്ക്കരി, എണ്ണ, പ്രകൃതി വാതകം, വൈദ്യുതി എന്നീ വാണിജ്യ ഇന്ധനങ്ങളെ അപേക്ഷിച്ച് വിറക്, തെങ്ങുല്പന്നങ്ങൾ, റബ്ബർ കായ്, തോട് എന്നിവയാണ് വ്യാപകമായി ഉപയോഗിക്കുന്ന ഊർജ്ജസ്രോതസ്സുകൾ. കാർഷിക മേഖലയിൽ കന്നുകാലികൾക്കും മനുഷ്യാദ്ധ്വാനവും പ്രധാന പങ്കു വഹിക്കുന്നു.

ബഹുഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. വെളിച്ചത്തിനായി ചുരുക്കം വീടുകളിൽ മണ്ണെണ്ണ ഉപയോഗിക്കുന്നു. പാവപ്പെട്ടവൻറെ ഇന്ധനമാണ് വിറക്. എന്നാൽ വിറക് വിലകൊടുത്തു വാങ്ങുവാൻ കഴിയാത്ത തരത്തിൽ വില വർദ്ധിച്ചിരിക്കുന്നു. വിറക് ഇന്ധനമായി ഉപയോഗിക്കുന്ന വീടുകളിൽ മെച്ചപ്പെട്ട അടുപ്പുകൾ പ്രചരിപ്പിക്കണം. മുളന്തുരുത്തിയിലുള്ള അനർട്ടിൻറെ ഭഗീരഥ കൂടിയ 500-ൽ പരം അടുപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സബ്സിഡി നിരക്കിൽ പീക്കോക്കിൻറെ മണ്ണെണ്ണ സ്റ്റൗ നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യുന്നുണ്ട്. അനർട്ടിൻറെ ഇതുപോലെയുള്ള സംരംഭങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പരിശ്രമിയ്ക്കേണ്ടതാണ്.

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

## 10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

പട്ടികയുടെ പേര് **K S E B**

| | | |
|---|---|---|
| 1 | നിലവിലുള്ള ഉപഭോക്താക്കൾ: | **a)** ഗാർഹികം 800<br>**b)** വ്യാപാരം 200<br>**c)** വ്യാവസായികം 25<br>**d)** കാർഷികം 300 |
| 2 | കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള യുള്ള അപേക്ഷയുടെ എണ്ണം | a] Ordinary 46 അവസാനം നൽകിയ<br>b) OTP 7 കണക്ഷന്റെ<br>c) OYEC 23 അപേക്ഷാ തീയതി<br>4-10-93 W. P. Service<br>4-6-91 O. H. Service<br>9-6-96 OH. OYEC<br>12-8-96 WP. OYEC |
| 3 | സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം | **a)** ബൾബ് 25w 40w 60w 100w<br>**b)** ട്യൂബ് NIL - 27- 8 - NIL<br>**c)** മെർക്കുറി —<br>**d)** സോഡിയം വേപ്പർ — |
| 4 | ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ: | 4 എണ്ണം. കയ്യാലക്കുടി നോർത്ത് 1<br>,, സൗത്ത് 1<br>നീലിമല കോളനി 1<br>മേക്കാട്ടു മോളം 1 |
| 5 | തൻ വർഷത്തെ കണക്ഷൻ; | ഓർഡറി 9<br>OTP 3<br>OYEC 1 |
| 6 | പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന **L T** ട്രാൻസ്ഫോർമർ കളുടെ പേരുകൾ : | 1. പഴന്തോട്ടം 7. കോലാകുടി<br>2. മുണേലിമുകൾ 8. പട്ടിമറ്റം കവല<br>3. കോട്ടമല 9, പട്ടിമറ്റം നമ്പർ 2<br>4. മൈക്രെത്ത് 10. ഇരപ്പംപാറ<br>5. പട്ടിമറ്റി ഓഫീസ് 11. ഡബിൾപ്പാലം<br>6. മനക്കപ്പടി 12. ചെങ്ങര |
| 7 | സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക | |

അവലംബം : **K S E B**, പട്ടിമറ്റം

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

## 10.2 ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപ. എണ്ണം | പണം നൽകി വൈദ്യുതി കണ. ലഭിക്കുന്ന കുടുംബ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 7 1 | കയ്യാലക്കുടി പട്ടികജാതി കോനി | 20 | 3 | 17 |
| 7, 2 , | കിഴക്കേ കയ്യാലക്കുടി ,, | 9 | — | 9 |
| 8 | വീപ്പനാട്ടുകുടി | 10 | 5 | 5 |
| | നീലിമല കോളനി | 12 | 4 | 8 |
| 10 | മേക്കാട്ടുമോളം | 17 | 6 | 11 |

അവലംബം : **K S E B**, പട്ടിമറ്റം

അനുബന്ധം–10

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

## 10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

കിഴക്കമ്പലം **K S E B**

| | | |
|---|---|---|
| 1 | നിലവിലുള്ള ഉപഭോക്താക്കൾ: | **a)** ഗാർഹികം 3327<br>**b)** വ്യാപാരം 125<br>**c)** വ്യാവസായികം 75<br>**d)** കാർഷികം 52 |
| 2 | കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള യുള്ള അപേക്ഷയുടെ എണ്ണം | a) Ordinary OH-63WP-33 അവസാനം നൽകിയ<br>b) OTP OH-13, WP-18 കണക്ഷന്റെ<br>c) OYEC OH-6, WP-65 അപേക്ഷാ തീയതി<br>4-5-92 8-2-94 W. P<br>19-8-95 9-7-96<br>19-5-96 1-7-96 |
| 3 | സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം | **a)** ബൾബ് 399 40w<br>**b)** ട്യൂബ് 88<br>**c)** മെർക്കുറി —<br>**d)** സോഡിയം വേപ്പർ — |
| 4 | ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ: | 96—97 ഇല്ല |
| 5 | തൻ വർഷത്തെ കണക്ഷൻ; | ഓർഡറി 25<br>OTP 19<br>OYEC 27 |
| 6 | പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന **LT** ട്രാൻസ്ഫോർമർ കളുടെ പേരുകൾ : | പെരുങ്ങാല, പെരിങ്ങാല, വെമ്പിള്ളി, ചക്കാലമുകൾ, പള്ളിക്കര, കാടായത്ത്, പിണർമുണ്ട, പിണർമുണ്ട, മോറക്കാല **W**., സി. കെ. മത്തായി, പള്ളിക്കര, അച്ചപ്പൻ, മുസ്സ, പറക്കോട്, എരുമേലി, മനക്കക്കവ്, ചിറനാട് |
| 7 | സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക | |

അവലംബം : **K S E B**, കിഴക്കമ്പലം

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

## 10.2 ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ സ്റ്റാബിൽ വൈദ്യുതി ഉപ. എണ്ണം | പണം നൽകി വൈദ്യുതി കണ. ലഭിക്കുന്ന കുടുംബ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | പിണർമുണ്ട | 25 | 8 | 17 |
| | ഊത്തിക്കര | 14 | 6 | 8 |
| | ഇഞ്ചിറ | 13 | 4 | 9 |
| | വേലന്താട്ട്കുടി | 16 | 7 | 9 |
| | കൊല്ലംകുടി | 18 | 10 | 8 |
| | ചായ്ക്കുത്തു മല | 20 | 11 | 9 |
| | ചക്കാല മുകൾ | 25 | 13 | 12 |
| | താമരക്കുഴി | 15 | 6 | 9 |
| | കോഴിമല | 8 | 4 | 4 |

അവലംബം : **K S E B** കിഴക്കമ്പലം

## വാർഡ് തല നിർദ്ദേശങ്ങൾ :–

പാടത്തിക്കര–പിണർമുണ്ട റോഡ്, മോറക്കാല–ഊത്തിക്കര ബ്രഹ്മപുരം റോഡ്, അമ്പലപ്പടി–വായനശാല വഴി മാക്കുളം റോഡ്, കളപ്പുര മൂല–ബ്രഹ്മപുരം റോഡ്. പിണർമുണ്ട മസ്ജിദ്–പാടത്തിക്കര റോഡ്, മാങ്കുളം അകത്തുപാടം റോഡ്, അംഗൻവാടി–ലക്ഷം വീട് കോളനി റോഡ്, പിണർമുണ്ട അംബേദ്ക്കർ റോഡ്, പാടത്തിക്കര കടവ് റോഡ്, അഞ്ചാം കുന്ന് തളക്കുന്നത്ത് റോഡ്, നോർത്ത് പിണർമുണ്ട റോഡ്, നടമുകം–പട്ടിക ജാതി കോളനി റോഡ്, മുസ്ലീം പള്ളി–പള്ളിമുകം റോഡ്, ഖാദി ബോർഡ്–മനക്കെടവ് റോഡ്, പിണർമുണ്ട അംബേദ്ക്കർ റോഡ്, സൗത്ത് പിണർമുണ്ട–കുരിശുപള്ളി റോഡ്, കളരിക്കമുകം–ചെമ്മഞ്ചേരി റോഡ്, പാറക്കടവ് മുസ്ലീംപള്ളി റോഡ്, നോർത്ത് പിണർമുണ്ട–ആനേക്കര റോഡ്, ഈ റോഡുകൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക,

ഇലക്ട്രിക്ക് ലൈൻ വലിച്ച് ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക. പുരയിടങ്ങളിൽ നിന്നും ലൈൻ മാറ്റി പൊതുറോഡിൽ സ്ഥാപിക്കുക. ആലുവ–കുമാരപുരം, മോറക്കാല–ഊത്തിക്കര, പിണർമുണ്ട–ബ്രഹ്മപുരം തൃപ്പൂണിത്തുറ റൂട്ടിലും, പാടത്തിക്കര–പിണർമുണ്ട, കരിമുകം–തൃപ്പൂണിത്തുറ–എറണാകുളം റൂട്ടിലും ബസ്സുകൾ ഓടിക്കുക.

## വാർഡ്–2

ഈ വാർഡിൽ താഴെ പറയുന്ന പണികൾ നിർദ്ദേശിക്കുന്നു.

പോത്തനാം പാമ്പ്–ഇരുപ്പക്കോട്ട് മൂല റോഡ് പോക്കാട്ട്ചിറ–അമ്പലപ്പടി റോഡ്, പുത്തേത്തുമുകം പട്ടിക ജാതി കോളനി റോഡ്, അമ്പലപ്പടി കോഴിമല റോഡ്, നെല്ലിക്കാമുകം ഊത്തിക്കര–അമ്പലപ്പടി കോളനി റോഡ്, മരങ്ങാട്ട് കോളനി റോഡ് നവാലത്ത് പാടം റോഡ് എന്നിവ ടാർ ചെയ്യണം, തീപ്പെട്ടികമ്പനി – പുത്തേഴത്തുമുകം റോഡ്, കുഴൽകിണർ പുത്തേത്തുമുകം റോഡ്, പോക്കാട്ടുചിറ–പുത്തേത്തുമുകം റോഡ്, ഊത്തിക്കരയിൽ നിന്നും മുസ്ലീം പള്ളിയുടെ അറ്റത്തു കൂടി അമ്പലപ്പടി റോഡിൽ പള്ളിക്ക് താഴെ പാലം നിർമ്മിക്കുക മേൽപ്പറഞ്ഞറോഡുകൾ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക

## വാർഡ് 3

മോറക്കാല താളിക്കല്ല് റോഡ് അവസാനിക്കുന്നിടത്ത് പാലം പണിയുക (മേജർ പ്രോജക്ട്) പള്ളിമുകം കോളനിയും ചാക്കോത്തുമല കോളനിയുമായി ബന്ധിപ്പിക്കുന്ന റോഡ്ടാർ ചെയ്യുക 5–ാം വാർഡിൽനിന്ന് പള്ളിമുകം കോളനിയുടെ താഴെവന്നു നിൽക്കുന്ന കനാൽബണ്ടുവഴി മോറക്കാല താളിക്കല്ല് റോഡുമായി ബന്ധിപ്പിക്കുക വാരിക്കാട്ട് റോഡ് വീതികൂട്ടി ടാർ ചെയ്യുക, ചേലക്കാട്ടുമൂല റോഡ് ടാർ ചെയ്യുക.

കോയിക്കരപ്പാടം, മോളത്തുകുഴി, പള്ളിമുകം കോളനി, ചാക്കാത്തുമല കോളനി റോഡുകൾ കൊല്ലംകുടി കോളനിയുമായി ബന്ധിക്കുക. ചാക്കോത്തുമല കോളനിയും വേണാടുമൂല മനക്കെടവ് റോഡുമായി ബന്ധിപ്പിക്കുക. അമ്പാട്ട് പാറയിൽ നിന്ന് പള്ളിമുകം കോളനിയിലേക്കുള്ള റോഡ് പിണർമുണ്ടയുമായി പാലം പണിത് ബന്ധിപ്പിക്കുക. മേൽപറഞ്ഞ റോഡുകൾ പുതിയ നിർമ്മാണത്തിൽ ഉൾപ്പെടുത്തുക.

വേണാട്ടുമൂല ചിറനാട് സെ: ജൂഡ്സ് ചർച്ച് റോഡ് ഇവകൾ ടാർചെയ്യുക. കോയിക്കരപാടം കോളനി വൈദ്യുതീകരിക്കുക, പെരുന്നിക്കര കോളനിക്ക് വഴിവിളക്കുകൾ സ്ഥാപിക്കുക ബസ് സർവ്വീസ് ആരംഭിക്കുക.

## വാർഡ് - 4

ഈ വാർഡിലുള്ള പൊതുവായ വിവരങ്ങളും നിർദ്ദേശങ്ങളും.

മോറക്കാല പാറപ്പുറം എരുമേലി റോഡ്, മോറക്കാല നാലുസെൻറ് കോളനി എരുമേലി റോഡ്, ഗാന്ധി റോഡ്, ചക്കാലമുകം വെമ്പിള്ളി റോഡ് ചക്കാലമുകം പള്ളിക്കര റോഡ് ഈ റോഡുകൾ സഞ്ചാരയോഗ്യമാകുന്ന തരത്തിൽ ടാർ ചെയ്യണം.

മോക്കാല എരുമേലി ലിങ്ക് റോഡിൽ ഇരുഭാഗത്തും താമസിക്കുന്നവർക്ക് വയലാർപടി 4

സെൻറ് കോളനി നിവാസികൾക്കും വൈദ്യുതി കണക്ഷൻ നൽകുക. ഈ ഭാഗത്തുള്ള തെളിയാത്ത ബൾബുകൾ കത്തിക്കുക, ഗാന്ധിറോഡ്–എരുമേലി റോഡിൽ PVI കനാൽ ഭാഗത്ത് ക്രോസ്ബാർ നിർമ്മിക്കുക.

## വാർഡ് 5

ഈ വാർഡിലുള്ള മുഴുവൻ കുടുംബങ്ങൾക്കും പാചകത്തിന് മണ്ണെണ്ണ പെർമിറ്റുകൾ അനുവദിക്കുക. പുകയില്ലാത്തഅടുപ്പുകൾ വ്യാപിപ്പിക്കുന്നതിന് ധനസഹായം നൽകുക. വൈദ്യുതികരിക്കാത്ത മുഴുവൻ വീടുകൾക്കും വെളിച്ചം എത്തിക്കുക. വിറകിൻെറ ക്ഷാമം പരിഹരിക്കുന്നതിന് ബയോഗ്യാസ് പ്ലാൻറിന് ലോൺ അനുവദിക്കുക.

കുമാരപുരത്ത് മാർക്കറ്റ് പുന:സ്ഥാപിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുക മൽസ്യമാർക്കറ്റ് അനുവദിക്കുക. കോളനിറോഡുകൾ ടാർചെയ്യുക, കുമാരപുരംഎരുമേലി റൂട്ടിൽ സ്ട്രീറ്റ് ലൈറ്റുകൾ ഇടുക, താമരക്കുഴി പുത്തൻപള്ളി കനാൽ റോഡ് നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക, താമരക്കുഴി വയലാർപടി റോഡ് ഗതാഗതയോഗ്യമാക്കുക, വേലന്മാട്ടുകുടി തേനാലി പറമ്പ് കോളനി റോഡ് ടാർ ചെയ്യുക,എരുമേലി ഞാറള്ളൂർ റോഡ് ടാർചെയ്യുക, എരുമേലി മോറക്കാല (ഗാന്ധി) റോഡ് സഞ്ചാരയോഗ്യമാക്കുക.

**വാർഡ് –6** ഈ വാർഡിലെ വൈദ്യുതികരണത്തിന് മുൻതൂക്കം നൽകുക. വെള്ളച്ചാൻ കോളനിക്ക് വൈദുതി ലൈൻ വലിക്കുക. ബ്ലാച്ചിറ കോളനി, പട്ടാട്ടുമുകൾ കോളനി എന്നിവിടങ്ങളിൽ വഴിവിളക്ക് സ്ഥാപിക്കുക.

പറക്കോട് വെമ്പിള്ളി റോഡ് പുത്തൻപള്ളി വെമ്പിള്ളി റോഡ് പള്ളിക്കര, പാക്കോട് എന്നിവിടങ്ങളിൽ വഴിവിളക്ക് സ്ഥാപിക്കുക,

ബ്ലാച്ചിറ കോളനി റോഡ് ആളുകൾ സന്നദ്ധ പ്രവർത്തനത്തിലൂടെ പണിതീർത്തിട്ടുള്ളതാണ്. അമ്പലപ്പടി, നെല്ലിക്കമുകൾ കോളനി റോഡും സേവനപ്രവർത്തനത്തിലൂടെ പൂർത്തീകരിച്ചിട്ടുണ്ട്. മറത്തിപ്പടി കീരിക്കമുകൾ റോഡ് ഗതാഗതയോഗ്യമാക്കുക.

**7–ാം വാർഡിൽ** ആകെ 12 കി. മീറ്റർ റോഡുകൾ ഉണ്ട്. 6 കി. മീറ്ററോളം ടാർ ചെയ്തിട്ടുണ്ട്. കുമാരപുരം–പട്ടിമറ്റം മുണേലിമുകൾ ഭാഗം ഡ്രെയ്നേജ് വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക. കുമാരപുരം പാറപ്പുറം റോഡ് ടാറിംഗ് പൂർത്തിയാക്കുക. മില്ലുംപടി പാറപ്പുറം റോഡ് റീ ടാർ ചെയ്യുക. പുന്നോർക്കോട് ചേരിമറ്റം റോഡ്, പാറേക്കാവ് മേഖല പുതിയ റോഡ്, കല്ലാലക്കുടി കനാൽ ഫണ്ട് റോഡ്, മുണേലിമുകൾ ഞാറള്ളൂർ റോഡ്, വാഴത്തോട്ടം ദയറാപടി, കുമാരപുരം, പട്ടിമറ്റം റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക. 7–ാം വാർഡിൽ ശ്രമദാനമായി പണി നടത്താവുന്ന റോഡുകൾ പുന്നോർക്കോട്, മേരിമറ്റം, ആഞ്ഞ്കുന്നത്ത് വനിതാ സമാജം, ഐയ്മനാരിൽ റോഡ് പാറേക്കടവ് റോഡ് എന്നിവയാണ്.

7–ാം വാർഡിലുള്ള ട്രാൻസ്ഫോർമർ മാറ്റി പുതിയവ സ്ഥാപിക്കുക. പുകയില്ലാത്ത അടുപ്പുകൾ പരീക്ഷണ അടിസ്ഥാനത്തിൽ കുറച്ച് വീടുകൾക്ക് നൽകുക.

## വാർഡ് 8

ഈ വാർഡിൽ 8 കി.മീറ്റർ PWD റോഡുകളുണ്ട്. പട്ടിമറ്റം, പള്ളിക്കര (നീലിമലവഴി) റോഡിൻെറ അലൈമെൻറ് വടക്കുഭാഗത്തുകൂടി മാറ്റി റോഡിൻെറ സ്ഥിതി മെച്ചപ്പെടുത്തുക. മാർകൂറിലോസ് ഹൈസ്ക്കൂളിനടുത്തു നിന്നും ഇരുപ്പും പാറക്കൂട്ട കാഞ്ഞിരം റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് പൂർത്തിയാക്കുക മാർ കൂറിലോസ് സ്ക്കൂളിനടുത്തുനിന്നും കരോട്ട് ചിറവഴി എരപ്പുംപാറയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക. മാർ കൂറിലോസ് സ്ക്കൂളിനടുത്തുകൂടി പോകുന്ന കനാൽബണ്ട് പള്ളിക്കര റോഡുമായി ബന്ധിപ്പിക്കുക, കുമ്മനോട്മുതൽ പഴന്തോട്ടം വരെ കനാൽ ബണ്ട് ടാർചെയ്യുക, ജിജോതിയേറ്ററിനു സമീപത്തുനിന്നും പടിഞ്ഞാറ ഭാഗത്തേക്കുള്ള റോഡ് കനാൽ ബണ്ടുമായ ബന്ധിപ്പിക്കുക. പട്ടിമറ്റം കിഴക്കമ്പലം റോഡിൽ നിന്നും കുമ്പനോട്ടിലേക്ക് പോകുന്ന കൊറ്റക്കോടൻ ജംഗ്ഷൻ വഴി പെരുമ്പാവൂർ, പുത്തൻകുരിശ് റൂട്ടുമായി ബന്ധിപ്പിക്കുക. എരപ്പും പാറ കൂട്ടക്കാഞ്ഞിരം റോഡ് മങ്ങാട്ടുപൊയ്ക

യുമായി യോജിപ്പിച്ച് പട്ടിമറ്റം പുത്തൻകുരിശു റോഡു് നിർമ്മിക്കുക. എരപ്പുംപാറ കൂട്ടക്കാഞ്ഞിരം റോഡിൽ നിന്നും പടിഞ്ഞാറെ ഭാഗത്തുള്ള പട്ടിക ജാതി കോളനിവഴി പാടത്തേക്കു റോഡ് നിർമ്മിക്കുക.

പട്ടിമറ്റം വായനശാലക്ക് അടുത്തുകിടക്കുന്ന പുറമ്പോക്ക് സ്ഥലത്ത് പഞ്ചായത്ത് കോംപ്ലക്സ് നിർമ്മിക്കുക.

ഈ വാർഡിന്റെ പടിഞ്ഞാറെഭാഗത്ത് വോൾട്ടേജ് കുറവ് പരിഹരിക്കുക. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. പട്ടിമറ്റം കവലയിൽ സോഡിയം വേപ്പർ ലാമ്പ് ഇടുക, അംഗൻവാടി ഡബിൾപാലം റോഡ് പുനർനിർമ്മിക്കുക.

**9-ാം വാർഡിൽ** കൂടി ബസ് സർവ്വീസ് നടത്തുന്നതിനു് നടപടി സ്വീകരിക്കുക, ചെങ്ങര പാറേപ്പീടിക റോഡ് ചെങ്ങര മുസ്ലീംപള്ളി ഭാഗത്തേക്കുള്ള റോഡ്, ചെങ്ങര ഡബിൾ പാലത്തേക്ക് പോകുന്ന റോഡിന്റെ ടാറിംഗ് പൂർത്തീകരിക്കുക. വിശ്വകർമ്മ ചാത്തനാട് പറമ്പ് റോഡ് അയ്യൻ കാവിൽനിന്നും പാറേപ്പീടികറോഡ്, ചെങ്ങര തൈക്കാവിന് സമീപം കൂടി പോകുന്ന റോഡ് കനാലിന് കുറുകെ പാലം നിർമ്മിച്ച് മറു ഭാഗത്തുള്ള റോഡുമായി ബന്ധപ്പെടുത്തുക.

ചെങ്ങര ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക. വിശ്വകർമ്മ ആഫീസിനു സമീപം പുതിയ ട്രാൻസ്ഫോമർ സ്ഥാപിച്ച് വൈദ്യുതി പ്രതിസന്ധി പരിഹരിക്കുക, നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ തെളിയിക്കുന്നതിന് നടപടിയെടുക്കുക, പട്ടിമറ്റംമുതൽ ചെങ്ങര മുസ്ലീം പള്ളി വരെയും അയ്യപ്പൻകാവു മുതൽ വാർഡിന്റെ വടക്കേ അതിർത്തിവരെയും പുതുതായി വഴിവിളക്കുകൾ സ്ഥാപിക്കുക, ചെങ്ങര, മനക്കപ്പടി ട്രാൻസ്ഫോമർ ലൈനുമായി ബന്ധപ്പെടുത്തി 3 ഫെയ്സ് ലൈൻ ഇൻറർലിങ്ക് ചെയ്യണം.

## വാർഡ് - 10

പട്ടിമറ്റം ടൗണിന്റെ ഒരു ഭാഗം ഉൾപ്പെട്ടുകിടക്കുന്നു. പല വർക്ക്ഷോപ്പുകാരും റോഡിന് സൈഡിൽ ഇട്ട് വാഹനം നന്നാക്കുന്നതിനാൽ ഗതാഗതത്തിനു തടസം ഉണ്ടാക്കുന്നു ഇത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുക. വളരെയേറെ വാഹനങ്ങൾ കടന്നുപോകുന്നതിനാലും തിരക്ക് വർദ്ധിക്കുന്നതിനാലും അപകടങ്ങൾ ഒഴിവാക്കുന്നതിനായി കിഴക്കും പടിഞ്ഞാറും സ്പീഡ് നിയന്ത്രിക്കുന്ന ഹംമ്പ് നിർമ്മിക്കുക.

## വാർഡ് - 11

താഴെ പറയുന്ന റോഡുകളുടെ പണി പൂർത്തിയാക്കേണ്ടതാണ്, പോത്തനാപറമ്പ് അധികാരിമൂല റോഡ് ചെറുതോട്ടുകുന്നേൽ പള്ളിറോഡ്മാങ്കുളം അംബേദ്കർ കോളനിറോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക.

പെരിങ്ങാല-പോസ്റ്റാഫീസ് തണ്ണാംകുഴി മൂല അധികാരിമൂല-പാലംകുഴിമൂല പാക്ക് കമ്പനി, ചാക്ക് കമ്പനി കരിക്കുടി പട്ടികജാതി കോളനി, ചെറുതോട്ടുകുന്നേൽ പള്ളി റേഷൻ കടറോസ്. നെടുക്കുടി മൂല പുത്തേത്തുമുകൾ റോഡ്, പാടത്തിക്കര സ്റ്റോപ്പ് റോഡ് പുതിയതായി നിർമ്മിക്കുക.

പെരിങ്ങാലപ്പാടം തളിക്കുന്നത്തുമൂല റോഡ്. തണ്ണാംകുഴി മൂല, മാടശേരി കോളനിറോഡ് പെരിങ്ങാല പരിയാരത്തുകരിത്താഴം റോഡ്, പോത്തനാം പറമ്പ് വായനശാലക്കുളം വെൺമണിത്താഴം റോഡ്, കാവനാപറമ്പിൽതടം, കൊറക്കോട് കുടി റോഡ്, മാമ്പുള്ളം ചായിക്കര പെരിങ്ങാല റോഡ് കണ്ണൻകുന്നുമൂല, അധികാരിമൂല റോഡ് ഉടനെ പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുക

പെരിങ്ങാലയിലും, പോത്തനാപറമ്പിലും വെയിറ്റിംഗ്ഷെഡ് സ്ഥാപിക്കുക. പെരിങ്ങാല 11-ാം വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

അധികാരിമൂലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. പോത്തനാംപറമ്പ് അധികാരിമൂലയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക, പെരിങ്ങാല, തണ്ണാകുഴി അമ്പലപ്പടി അംബേദ്കർ കോളനി, മാങ്കുളം, കൊളത്തായിക്കോട്ടുമൂല, കാവനാപ്പാറമ്പിൽത്തടം, കൊക്കോടംകുഴി, ചായിക്കര, ചളിക്കായത്ത്, അധികാരിമൂല പാലം കൊറ റോഡ്, മേൽ സൂചിപ്പിച്ച റോഡുകളിൽ

സ്ട്രീറ്റ് ലൈറ്റുകൾ ഇടുക. എല്ലാ വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഭക്ഷ്യ കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുക.

## വാർഡ് 10

### റോഡുകൾ പൊതുനിർദ്ദേശങ്ങൾ

1) അയ്യനത്ത് കാവ് - എഴുപ്രം റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

2) ചെങ്ങര തൈക്കാവ് - തേർമലത്തടം – കീമ്പറച്ചാൽ റോഡ് വീതി കൂട്ടി ടാർ ചെയ്യുക,

3) പട്ടിമറം തെക്കേക്കവല അംഗൻവാടി ഭാഗത്തുനിന്നും ആരംഭിക്കുന്ന റോഡ് കീഴേത്തുചിറ വഴി വാലേത്തുപടി ഭാഗത്തേക്ക് എത്തിക്കണം.

4) വലമ്പൂർ കുരിശ് –അത്താണി കനാൽബണ്ട് റോഡ് വീതികൂട്ടി ടാർ ചെയ്യുക.

5) വലമ്പൂർ അകപടേറ്റ്റോഡ്, വലമ്പൂർ ട്രാൻസ്ഫോമർ വാലേത്തുപടി റോഡ്, അത്താണി വലമ്പൂർ കുരിശ് റോഡ് എന്നിവ റീ ടാർചെയ്യുക. കാനകൾ നിർമ്മിച്ച് കാലകാലങ്ങളിൽ വൃത്തിയാക്കുക.

6) പുതിയ റൂട്ട് പെർമിറ്റുകൾ അനുവദിക്കുമ്പോൾ അറക്കപ്പടി, വാത്തിമറ്റം, അത്താണി, വലമ്പൂർ കുരിശുവഴി കോലഞ്ചേരിക്കും പെരുമ്പാവൂർ–വാത്തിമറ്റം, വടക്കൻ മല വിശ്വകർമ്മ, ട്രാൻസ്ഫോമർ കവല, കീച്ചിറച്ചാൽക്കുരിശുംപടി വഴി കോലഞ്ചേരിക്ക് ബസ്സ് റൂട്ട് അനുവദിക്കുക.

7) റോഡ് പുറമ്പോക്കുകളിൽ കൃഷിചെയ്യുന്നത് നിരുൽസാഹപ്പെടുത്തുക,

8) ഫുഡ്പാത്ത് കച്ചവടം ഒഴിവാക്കുന്നതിന് മാർക്കറ്റ് നിർമ്മിക്കുക.

9) യാത്രക്കാർക്ക് വേണ്ടി മലമൂത്ര വിസർജനത്തിനു പൊതു കക്കൂസ് നിർമ്മിക്കുക,

## വാർഡ് – 10

1 വാർഡിലെ വയറിംഗ് പൂർത്തീകരിച്ചിരിക്കുന്ന നിരവധി വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.വൈദ്യുതി ലഭ്യമാക്കുന്നതോടൊപ്പം വാർഡിലെ മുഴുവൻ വീടുകളും വൈദ്യുതീകരിച്ചു കൊടുക്കുക.

2 എല്ലാ റോഡുകളിലും വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുക.

3 പട്ടികജാതി ലക്ഷംവീട് കോളനി പ്രദേശങ്ങളിൽ വഴിവിളക്കുകൾ അടിയന്തിരമായി സ്ഥാപിക്കുക.

4 പ്രധാനപ്പെട്ട കവലകളിൽ ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കുക.

5 വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വലമ്പൂർ ട്രാൻസ്ഫോമർ നവീകരിക്കുന്നതിനും അത്താണിയിലും, കീച്ചിറച്ചാൽ ഭാഗത്തും ഓരോ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനും നടപടികൾ കൈകൊള്ളുക.

6 പട്ടിമറ്റത്ത് സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

7 അകപഡേറ്റ് ഭാഗത്ത് ട്യൂബ് ലൈറ്റ് സ്ഥാപിക്കുക.

### ഗതാഗതം പൊതുനിർദ്ദേശങ്ങൾ

സഞ്ചാരത്തിനു റോഡുകൾ മാത്രമുപയോഗിക്കുന്ന പ്രദേശമാണ് ടി പഞ്ചായത്ത്. നിലവിലുള്ള റോഡുകളുടെ സ്ഥിതി വളരെ പരിതാപകരമാണ്. പല റോഡുകളും വളരെ വീതി കുറഞ്ഞതാണ്. യാത്രക്കാർക്ക് മഴക്കാലത്ത് കയറി നിൽക്കുന്നതിന് ഷെൽട്ടറുകൾ ആവശ്യമാണ്.

പ്രധാന റോഡുകളും അനുബന്ധ റോഡുകളും കുണ്ടും കുഴിയുമായിഗതാഗതത്തിനു തടസം സൃഷ്ടിക്കുന്നു. വിവേചന രഹിതമായി റോഡുകൾ നിർമ്മിച്ചതിന്റെ ഫലമായി പരിസ്ഥിതി പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുന്നു. കൃഷിഭൂമി നികത്തുന്നതുമൂലമുള്ള കൃഷി നാശത്തിനും വെള്ളക്കെട്ടിനും അതിലുപരി അശാസ്ത്രീയമായ റോഡ് നിർമ്മാണവുംകാരണമാകുന്നു

ഈ കാരണങ്ങളാൽ കഴിഞ്ഞ കുറെ വർഷങ്ങളായി പഞ്ചായത്തിന്റെ മുഖ്യചിലവ് റോഡ് നിർമ്മാണത്തിനും അറകുറ പണികൾക്കുമായി പോകുന്നു. ആയതിനാൽ വരുമാനം ഉല്പാദന രംഗത്തേക്ക് തിരിച്ചുവിടുന്നതിനു കഴിയുന്നില്ല. സന്നദ്ധ സംഘടനകളെക്കൊണ്ടും സ്ഥാപനങ്ങളെക്കൊണ്ടും റോഡുകളിലെ ഒട്ടേറെ ജോലികൾ നിശ്ചിതദൂരം സ്പോൺസർ ചെയ്യിപ്പിക്കുവാൻ പരിശ്രമിക്കാവുന്നതാണ്.

മുൻപ് എറണാകുളം മുവാറ്റുപുഴ റോഡും തൃപ്പൂണിത്തുറ ആലുവ റോഡും പത്താംമൈൽ പെരുമ്പാവൂർ റോഡും മാത്രമായിരുന്നു ഈ പഞ്ചായത്തിലെ മുഖ്യ ഗതാഗത മാർഗം. അന്ന് ഒന്നോ രണ്ടോ ബസുകൾ മാത്രമായിരുന്നു ഗതാഗതാശ്രയം പിന്നീടാണ് ബന്ധപ്പെട്ട അനുബന്ധ റോഡുകൾ ഉണ്ടാവുകയും ഗതാഗതം വിപുലമാവുകയും ചെയ്തത്.

# വ്യവസായം

കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ വ്യവസായപരമായി പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാങ്കേതിക പരിജ്ഞാനം ഇവിടെ വ്യാപിച്ചിട്ടില്ല,

ഈ പഞ്ചായത്തിൽ പട്ടികജാതി വിഭാഗം പരമ്പരാഗതമായി ചെയ്തുവരുന്ന കൈത്തൊഴിലുകൾ കുട്ട, വട്ടി, പായ്നെയ്ത്ത് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് ഈറ, ചൂരൽ, തഴ എന്നിവ ലഭിക്കുന്നില്ല. എന്നാൽ വ്യവസായാടിസ്ഥാനത്തിൽ ഒരു ഘടകങ്ങളും രജിസ്റ്റർ ചെയ്തിട്ടില്ല. കൈത്തൊഴിലിന് ആവശ്യമായ വസ്തുക്കൾ ലഭിക്കാതെ തൊഴിലാളികൾ നട്ടംതിരിയുന്ന അവസ്ഥയാണിന്നുള്ളത്. തൊഴിൽ അന്വേഷകരും ഈ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും തീരേ പാവപ്പെട്ട കുടുംബത്തിൽപെട്ടവരാണ്.

സമീപപ്രദേശങ്ങളിലെ വ്യവസായകേന്ദ്രങ്ങളായ അമ്പലമുകൾ ഓയിൽ റിഫൈനറി, **HOC**, **FACT**., കാർബൺ ഫാക്ടറി, കിഴക്കമ്പലത്തുള്ള അന്നഗ്രൂപ്പ് വ്യവസായ സ്ഥാപനങ്ങൾ, കടയിരുപ്പിലെ സിന്തെയ്റ്റിലേക്കും ഈ പഞ്ചായത്തിലുള്ള തൊഴിലാളികൾ തുച്ഛമായ വേതനം വാങ്ങി തൊഴിൽ ചെയ്യുന്നു.

## വാർഡുകളിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങളും പരിഹാരമാർഗ്ഗങ്ങളും

**1-ാം വാർഡിൽ** പൂട്ടികിടക്കുന്ന ഖാദി സ്ഥാപനം പുനരുദ്ധരിക്കുക.ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥല സൗകര്യങ്ങൾ ഈ വാർഡിൽ ലഭ്യമാണ്

മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ഇവിടെ ഉണ്ട്. സഹകരണാടിസ്ഥാനത്തിൽ ധനസഹായങ്ങൾ നൽകി മൺപാത്ര നിർമ്മാണത്തെ പരിപോഷിപ്പിക്കുക.

**2-ാം വാർഡിൽ** റബർബാൻഡ് യൂണിറ്റ്, തീപ്പെട്ടി കൊള്ളി നിർമ്മാണകമ്പനി 3, മെറ്റൽ ക്രഷർ 3, എന്നിവ പ്രവർത്തിക്കുന്നു. ഹോളോബ്രിക്സ് തുടങ്ങണം ഇവയുടെ യൂണിറ്റുകൾ തുടങ്ങുന്നതിന് സത്വര നടപടികൾ സ്വീകരിക്കുക

**3-ാം വാർഡിൽ** കറിമസാലന നിർമാണ യൂണിറ്റ് ഫൈബർ നിർമ്മാണ യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നു. സോപ്പ് നിർമ്മാണം, മെഴുകുതിരി, തീപ്പെട്ടി, കൈത്തറി, റബർബാൻറ് എന്നിവ ആരംഭിക്കുക. വനിത സഹ: സംഘം വഴി ഇത് ആരംഭിക്കാം.

**4-ാം വാർഡിൽ** പ്രധാന വ്യവസായ യൂണിറ്റ് പ്രധാനമായും സ്ത്രീകൾ പണിയെടുക്കുന്ന കറിപൗഡർ യൂണിറ്റാണ്. ഈറകൊണ്ട് കുട്ട, മുറം എന്നീ കൈത്തൊഴിൽ ചെയ്യുന്ന കുടുംബങ്ങളുമുണ്ട്. കൂടാതെ 4 എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട് പരമ്പരാഗത വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

**5-ാം വാർഡിൽ** ഫർണീച്ചർ നിർമ്മാണം, ഓട്ടോമോബൈൽ എന്നിവ പ്രവർത്തിക്കുന്നു.

ആധുനിക സൗകര്യത്തോടെ ഓട്ടോമോബൈൽ വർക്ക് ഷോപ്പ് ആരംഭിക്കണം. റബർബാൻറ്,ഫിങ്കർ ക്യാപ്പ് നിർമ്മാണ യൂണിറ്റ്, സഹകരണസംഘാടിസ്ഥാനത്തിൽ, കൈത്തറി, സോപ്പ് നിർമ്മാണം നോട്ട് ബുക്ക് നിർമ്മാണം, പലഹാരം, ചെരിപ്പ് നിർമ്മാണം എന്നിവയുടെയൂണിറ്റുകളും ആരംഭിക്കണം

ആധുനിക സംവിധാനങ്ങളോടെ അരി ഉൽപാദിപ്പിക്കുന്ന ഒരു സ്ഥാപനം ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

**6-ാംവാർഡിൽ** നിലവിൽ പ്ലൈവുഡ, കക്ക നീറൽ, ഫർണ്ണീച്ചർ നിർമ്മാണം എന്നിവയുണ്ട് പ്രവർത്തനരഹിതമായ ഖാദിയൂണിറ്റ് മറ്റേതെങ്കിലും തരത്തിൽ പുനപ്രവർത്തിപ്പിക്കണംതഴപായ് നിർമ്മാണം റെഡിമെയ്ഡ്വസ്ത്രങ്ങൾസിമൻറ് ഉൽപ്പന്നങ്ങൾ തുകൽ സംസ്കരണങ്ങൾ സോപ്പ് നിർമ്മാണം പ്ലാസ്റ്റിക് മരപ്പണിഎന്നിവ നവീകരണാടിസ്ഥാനത്തിൽ തുടങ്ങുക.

**7 - ാം വാർഡിൽ** ചെരുപ്പ് നിർമ്മാണ യൂണിറ്റ് അലൂമിനിയപാത്രങ്ങൾ നിർമ്മാണ യൂണിറ്റ് എഞ്ചിനിയറിംഗ്വർക്ക്ഷോപ്പ്, കുട്ടനെയ്ത്ത് പായ്നെയ്ത്ത് എന്നി പരമ്പരാഗത തൊഴിൽ നാമ മാത്രമായുണ്ട് സ്വർണ്ണപണി മരപ്പണി കൊല്ലപ്പണി എന്നീ തൊഴിലുകൾ അറിയാവുന്ന ധാരാളം പേരുണ്ട് കറിപൗഡർ യൂണിറ്റുകൾ ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിംഗ്, ഓർക്കിഡ് അന്തൂറിയം,കുറ്റിമുല്ല ഔഷധസസ്യങ്ങളുടെ ഉൽപ്പാദനം എന്നിവ വ്യവസായാടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്.

**8-ാം വാർഡിൽ** ഒരു സോമിൽ, നീലിമലയിൽ ട്രെഡ് റബർ യൂണിറ്റ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിന്നുണ്ട്.

പി.വി.സി പൈപ്പ്യൂണിറ്റ് പ്ലാസ്റ്റിക് ഉപകരണങ്ങൾ, അലൂമിനിയം ഫാബ്രിക്കേഷൻ യൂണിറ്റ് എങ്ങിവ ആരംഭിക്കാവുന്നതാണ്. മൽസ്യവിപണനം ധാരാളം നടക്കുന്ന പട്ടിമറ്റത്ത് ഒരു മൽസ്യ ഭവൻ തുടങ്ങണം.

**9-ാം വാർഡിൽ** തീപ്പെട്ടിക്കൊള്ളി നിർമ്മാണ യൂണിറ്റ്, രണ്ട് റബ്ബർ നിർമ്മാണയൂണിറ്റ്, ഓട്ടോ മൊബൈയിൽ വർക്ക്ഷോപ്പ്, സോമില്ല്, സർവ്വീസ് സ്റ്റേഷൻ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

മരപ്പണി, കൊല്ലപ്പണി, സ്വർണ്ണപ്പണി, കരിങ്കൽപ്പണി എന്നിവയിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളും താമസിക്കുന്ന പ്രദേശമാണിത്. ഇത്തരത്തിലുള്ള തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിന് കുടിൽ വ്യവസായ പദ്ധതികളും ആരംഭിക്കണം.

**10-ാം വാർഡ്** ഒരു സോമില്ല്, പ്ലൈവുഡ് ഫാക്ടറി മോട്ടോർ വർക്ക്ഷോപ്പുകളും എന്നിവ പ്രവർത്തിക്കുന്നു. പുതിയ വ്യവസായങ്ങളും തുടങ്ങുന്നതിന് അനുവാദം നൽകണം.

**11-ാം വാർഡ്**

തീപ്പൊട്ടീകൊള്ളി യൂണിറ്റ്, പ്ലൈവുഡ്, ക്രഷർ എന്നീ ചെറിയ യൂണിറ്റുകളും പ്രവർത്തിക്കുന്നു. കൂടുതൽ യൂണിറ്റുകളും തുടങ്ങുന്നതിന് അനുമതി നൽകണം. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന ഇവിടങ്ങളിൽ വോൾട്ടേജ് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണം.

ഗൾഫിൽനിന്നും തിരിച്ചുവന്നിട്ടുള്ളവർക്ക് കൃഷി, ഹോളാബ്രിക്സ്. റബർ എന്നിവ തുടങ്ങുന്നതിന് വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോമറിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

1, 2, 5, 6, 11 എന്നീ വാർഡുകൾക്ക് ഉപകരിക്കുന്നവിധത്തിൽ നാഷണൽ ലൈസൻസ്ഡ് ബാങ്കിൻെറ ഒരു ബ്രാഞ്ച് പെരിങ്ങോല കേന്ദ്രീകരിച്ച് സ്ഥാപിക്കേണ്ടതാണ്.

## വ്യവസായം പൊതുനിർദ്ദേശങ്ങൾ

1 റബ്ബർ, നാളികേരം എന്നിവ അസംസ്കൃതവസ്തുക്കൾ ആയി ഉൾപ്പെടുത്തുന്ന അനുബന്ധ വ്യവസായം ആരംഭിക്കണം.

2 വ്യവസായം തുടങ്ങുന്നതിനുള്ള ലൈസൻസ് ഉദാരമാക്കുക. വിവിധ വകുപ്പുകളിൽനിന്ന് ലഭിക്കേണ്ട അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

3 പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നിന്ന് ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി സഹകരണമേഖലയിൽ കൂടുതൽ വ്യവസായങ്ങൾ ആരംഭിയ്ക്കേണ്ടതാണ്.

4 പട്ടിമറ്റം കേന്ദ്രമായി വളർന്നുവരുന്ന ഒരു തൊഴിലാണ്. കരിങ്കല്ല് രൂപപ്പെടുത്തിയെടുക്കൽ. ധാരാളം തൊഴിലാളികൾ ഈ തൊഴിൽ എടുക്കുന്നു. ഈ തൊഴിൽ വ്യവസായ അടിസ്ഥാനത്തിൽ വളർത്തുക.

5 പട്ടിമറ്റം, കുമാരപുരം എന്നിവിടങ്ങളിൽ മൽസ്യ ഭവൻ ആരംഭിക്കണം,

6 1, 2, 5, 6, 11 എന്നീ വാർഡുകൾക്ക് ഉപയോഗപ്പെടുന്ന തരത്തിൽ നാഷണൽ ലൈസൻസഡ് ബ്രാഡിന്റെ ശാഖ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

# വിദ്യാഭ്യാസം - സംസ്കാരം

വിദ്യാഭ്യാസം ഒരു സാമൂഹ പ്രകിയയാണ്. അതുകൊണ്ട് വിദ്യാഭ്യാസം ഒരു വികസന പ്രവർത്തനം കൂടിയാണ്. ആയതിനാൽ ഓരോ പ്രവർത്തനത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലും സ്ഥായിയായതുമായ നേട്ടങ്ങൾ ഉണ്ടാക്കാൻ വിദ്യാഭ്യാസത്തിനു കഴിയണം. സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധമായ തലമുറയെ സൃഷ്ടിക്കുകയാണ്. എക്കാലത്തെയും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കിയ സംസ്ഥാനമാണ് നമ്മുടേത്. അഞ്ചു വയസ് കഴിഞ്ഞ ഏതാണ്ട് മുഴുവൻ കുട്ടികളും ഒന്നാം ക്ലാസിൽ എത്തിച്ചേരുന്നു, ഇതിന്റെ ഫലമായി സാർവ്വത്രികമായി പ്രാഥമിക വിദ്യാഭ്യാസം സൗജന്യമായി ലഭിക്കണമെന്ന ഭരണഘടനാ വാഗ്ദാനം പാലിക്കപ്പെട്ട ഏക സംസ്ഥാനമെന്ന ബഹുമതി കേരളം നേടി.60 ലക്ഷംകുട്ടികൾ, 2ലക്ഷം അദ്ധ്യാപകർ, 20 ലക്ഷത്തോളം രക്ഷിതാക്കൾ ഇവരൊക്കെ ചേർന്ന വിപുലമായ പ്രസ്ഥാനമാണ് ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ മേഖല.

നമ്മുടെ പ്രൈമറി സ്കൂളുകളിൽ 30-40 ശതമാനം അക്ഷരമുറക്കാത്തവരുണ്ടെന്ന് വിവിധ പ്രദേശങ്ങളിലെ സർവ്വെ റിപ്പോർട്ട് വെളിപ്പെടുത്തുന്നു. 85 % കുട്ടികളും നിശ്ചിത പാസ് മാർക്ക് ലഭിക്കുന്നവരല്ല. S S L C ക്ക് എന്ന് നാം ഓർക്കണം.

വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകളുമായി താരതമ്യം ചെയ്താൽ മറ്റു പലതിലുമെന്ന പോലെ ഇവിടെയും പിന്നിൽ നിൽക്കുന്നു എന്നു മനസ്സിലാക്കാം. ഇവിടെ ഒരു സക്കാർ പ്രൈമറി സ്കൂളും, 2 മാനേജുമെന്റ് ഹൈസ്കൂളും, ഒരു മാനേജ്മെന്റ് യു. പി. സ്കൂളും എന്നിവ മാത്രമാണ് ഉള്ളത്. സാങ്കേതിക വൈദഗ്ദ്ധ്യം ലഭിക്കുന്ന ഒറ്റ സ്ഥാപനവും ഈ പഞ്ചായത്തിൽ ഇല്ല. ഹൈസ്കൂളുകളിലെ എസ്. എസ്. എൽ. സി. വിജയ ശതമാനം ഗുണപരമായ ഔന്നത്യം എടുത്തു കാണിക്കാൻ കഴിയുന്നതല്ല. വിദ്യാഭ്യാസത്തിലെ ഈ നില മാറ്റിയെടുക്കേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ പഠന നിലവാരത്തകർച്ചയിൽ വിദ്യാർത്ഥികളെ പഴി ചാരുന്നതിൽ അർത്ഥമില്ല. അദ്ധ്യാപകരും, രക്ഷിതാക്കളും സംയുക്തമായി പ്രവർത്തിച്ച് ന്യൂനത പരിഹരിക്കുവാൻ ശ്രമിക്കേണ്ടതാണ്. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഇന്നുള്ള പി. ടി. എ. കൂടുതലായി പ്രവർത്തിക്കണം. സ്കൂൾ കോംപ്ലക്സ് പ്രവർത്തനം വ്യാപിപ്പിക്കണം.

## വിദ്യാഭ്യാസം ഗ്രാമ സഭകളിൽനിന്ന് വന്ന നിർദേശങ്ങൾ

### വാർഡ് 1

ഒന്നാം വാർഡിൽ എൽ.പി. സ്കൂൾ മാത്രമാണുള്ളത്. ഇത് യു. പി. എസ് അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കുക. സൗത്ത് പിണർമുണ്ടയിൽ വായനശാല അനുവദിക്കുക, പിണർമുണ്ടയിൽ വായനശാല പ്രവർത്തനക്ഷമമാക്കുക.

## വാർഡ് – 2

ഈ വാർസിൽ യു. പി. എസ്, ഗ്രന്ഥശാല ഇവ വേണം, തപസ്യ, ഗ്രാമശക്തി എന്നീ ക്ലബുക ളുടെ പ്രവർത്തനത്തിന് ധനസഹായം വേണം. നെല്ലിക്കാമുകളം വാട്ടർടാങ്കിനടുത്തുള്ള മിച്ചഭൂമി സാംസ്ക്കാരിക നിലയം കളിസ്ഥലം എന്നിവ നിർമ്മിക്കുന്നതിന് ഉപയോഗിക്കണം

## വാർഡ് – 3

ഒരു വായനശാലയും, ഒരു ടി.വി. സൗകര്യ വും വേണം. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. ഇന്നുള്ള ക്ലബുകളുടെ പ്രവർ ത്തനത്തോടനുബന്ധിച്ച് നാടൻ കലകൾക്ക് പ്രോൽസാഹനം കൊടുക്കുക

## വാർഡ് – 4

മൂന്നും നാലും വാർഡുകൾക്ക് പ്രയോജന പ്രദമായി മോറക്കാല സ്ക്കൂളിന്റെ കളിസ്ഥലം സ്റ്റേഡിയമായി വികസിപ്പിച്ച് നൽകണം

## വാർഡ് – 5

സൗത്ത് എരുമേലിയിൽ ഒരു അംഗൻവാടി സ്ഥാപിക്കുക, നിർത്തലാക്കിയ ജനവിദ്യാ കേ ന്ദ്രങ്ങളം പുനഃസ്ഥാപിക്കുക, തുടർ വിദ്യാഭ്യാ സം ആരംഭിക്കുക, അംഗൻവാടികളിൽ കുടിവെ ള്ളം എത്തിക്കുക, ഇന്നുള്ള മോറക്കാല ഹൈസ് ക്കൂളിൽ പൊക്കേഷണൽ ഹയർ സെക്കണ്ടറി സ് ക്കൂൾ ആരംഭിക്കാവുന്നതാണ്. തൊഴിൽപരമായ പരിശീലനത്തിന് ITI സ്ഥാപനങ്ങൾ ആരംഭിക്കു ക. ചിറ്റനാട് അംഗൻവാടിയിലേക്ക് റോഡ് സൗകര്യം ഉണ്ടാക്കുക

## വാർഡ് – 6

വെമ്പിളളി എൽ.പി.എസിന് കോമ്പൗണ്ട് വാൾ നിർമ്മിക്കുക, എൽ.പി.എസ് യു. പി. സ്ക്കൂൾ ആക്കുക, നിലച്ചുപോയ ഖാദികേന്ദ്രം ഉപയോഗിച്ച് ITI ആരംഭിക്കാവുന്നതാണ് യുവ ധാര ക്ലബ് വായനശാലയായി ആരംഭിക്കാവുന്ന താണ് അംഗൻവാടികളിൽ കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നതിൽ വ്യത്യാസം വരുത്തി കളികൾ ക്ക് പ്രാമുഖ്യം നൽകണം തുടർ സാക്ഷരതാ പ്രവർത്തനം ആരംഭിക്കണം

## വാർഡ് – 7

വാർഡിൽ പുന്നോർക്കോട് വായനശാലയോ ട് ചേർന്ന് ജനവിദ്യാ കേന്ദ്രം നിർമ്മിക്കണം. വായനശാലക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന തിന് ധനസഹായം നൽകണം. സാങ്കേതിക വി ദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം. പഴന്തോട്ടം ഹൈസ്ക്കൂളിന്റെ വക കളിസ്ഥലം ചുറ്റുമ തിൽ കെട്ടി സംരക്ഷിക്കുക, പഴന്തോട്ടം ഹൈ സ്ക്കൂളിൽ പ്ലസ് ടൂ കോഴ്സ് ഏർപ്പെടുത്തു ക. സൂര്യ ക്ലബിന്റെ പ്രവർത്തനം വിപുലപ്പെ ടുത്തുന്നതിന് ധനസഹായം നൽകണം.

## വാർഡ് – 8

വാർഡ് എട്ടിൽ ഒരു സാങ്കേതിക വിദ്യാല യം ആരംഭിക്കേണ്ടതാണ്. മാർ കൂറിലോസ് ഹൈസ്ക്കൂളിൽ പ്ലസ് ടൂ കോഴ്സ് ആരംഭിക്കു ക. ചെങ്ങര നോർത്തിൽ എൽ.പി, യൂപി. സ് ക്കൂൾ ആവശ്യമാണ്. വാർഡ് 8, 9, 10 എന്നീ വയുടെ പൊതുനിർദ്ദേശമായി ഒരു ഐ. ടി. ഐ. സ്ഥാപനം ഉണ്ടാകണം.

## വാർഡ് – 10

അത്താണി ഭാഗത്ത് ഒരു എൽ.പി. സ്ക്കൂൾ ആരംഭിക്കണം, പത്താം വാർഡിൽ അയ്യനേത്തു കാവിന് സമീപം മൂടികിടക്കുന്ന ചിറ ജനപങ്കാ ളിത്തത്തോടെ കെട്ടി നിർമ്മിച്ച് വായനശാല ക്ക് ഉപയോഗിക്കാവുന്നതാണ്,

## വാർഡ് 11

അംഗൻവാടി കെട്ടിടം കനാലിന് അരികത്താണ്. സംരക്ഷണമായി ചുറ്റുമതിൽ ഉണ്ടാക്കണം, കുടിവെള്ളത്തിനു പൈപ്പ് ലൈൻ ഉണ്ടാക്കണം. ഒരു ഐ. സി. ടി. ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന് അംഗീകാരം കൊ ടുക്കണം.

## ഗ്രാമസഭയിൽ ഉയർന്നു വന്ന പ്രശ്നങ്ങളും പരിഹാരങ്ങളും

സർക്കാർ സ്ക്കൂളുകൾക്ക് കെട്ടിടം നിർമ്മി ക്കുക, അറ്റകുറ്റപ്പണികൾ നടത്തുക. തൊഴിൽ അധിഷ്ടിത പരിശീലന കേന്ദ്രങ്ങൾ ആരംഭി ക്കുക, പഞ്ചായത്തുകളിൽ നിന്നും സമീപസ്ഥ നഗരത്തിലെ വിദ്യാലയങ്ങളിലേക്കു കുട്ടികൾ പോകുന്നത് വർദ്ധിച്ചുവരുന്നു. പഞ്ചായത്ത് തലത്തിലെ സ്ക്കൂളുകളിൽ സിലബസ് പരി ഷ്ക്കരിക്കുകയും പഠന നിലവാരം ഉയർത്തുക യും ചെയ്യുക. സ്ക്കൂൾ രക്ഷാകർത്തൃ സമി തിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

# കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

## 9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

1996

സ്കൂളിന്റെ പേര് : G. L. P. S. Vempilly

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/STകുട്ടികൾ | | | മറ്റുള്ളവർ | | | SC/STകുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 11 | 6 | 17 | 4 | 1 | 5 | - | - | - | - | - | - | - | - | - | - | - | - | - |
| II | 11 | 15 | 26 | 4 | 5 | 9 | - | - | - | - | - | - | - | - | - | - | - | - | - |
| III | 17 | 14 | 31 | 9 | 2 | 11 | - | - | - | - | - | - | - | - | - | - | - | - | - |
| IV | 10 | 9 | 19 | 5 | 1 | 6 | 1 | - | 1 | - | 1 | 1 | - | - | - | - | - | - | - |
| V | | | | | | | | | | | | | | | | | | | |
| VI | | | | | | | | | | | | | | | | | | | |
| VII | | | | | | | | | | | | | | | | | | | |
| VIII | | | | | | | | | | | | | | | | | | | |
| IX | | | | | | | | | | | | | | | | | | | |
| X | | | | | | | | | | | | | | | | | | | |
| ആകെ | 49 | 44 | 93 | 22 | 9 | 31 | 1 | - | 1 | - | 1 | 1 | | | | | | | |

*അവലംബം - സ്കൂൾ രേഖകൾ*

# കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

## 9.3 സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം. | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനിയുണ്ടാകേണ്ട ആവശ്യമുള്ള മുറികൾ എണ്ണം. | ഇനിയുണ്ടാകേണ്ട ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മുഴുവൻ മുറികളുടെ എണ്ണം. | ഖുർആൻ ക്ലാസ്സുകൾ എവിടെയാണ് നടത്തുന്നത് എന്നതിന്റെ വിശദാംശങ്ങൾ. | ഇനി ആവശ്യമുള്ളതിന്റെ എണ്ണം. | നിലവിലുള്ള കക്കൂസിന്റെ എണ്ണം. | ഉപയോഗശൂന്യമായ കക്കൂസിന്റെ എണ്ണം. | കുടിവെള്ളസംവിധാനം ഉണ്ട്/ഇല്ല | വൈദ്യുതി ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റേജ് സൗകര്യം | നിലവിലുള്ള ഫർണീച്ചറുകൾ മതിയാകുമോ, അതോ കൂടുതൽ വേണമോ/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്വന്തം | അർദ്ധസ്വന്തം | താൽക്കാലികം | സ്വന്തം | അർദ്ധസ്വന്തം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| **Govt. L.P.S. Vempilly** | 4 | 1 | - | - | 2 | - | - | - | - | 1 | 30 | - | 2 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | മതിയാകുകയില്ല | - | - | 2 | 2 | അലമാരി 1 |

*അവലംബം - സ്കൂൾ രേഖകൾ*

# കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്
## 9.2 സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ യു.പി./എൽ.പി/ പ്രീ. പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിന്റെ മാത്രം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ അറ്റകുറ്റപണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| G.L.P.S. വെമ്പിള്ളി. | L.P. | Govt. | - | - | - | 49 | 44 | 93 | 4 | 4 | - | - | 60 | ഇല്ല | 20 സെന്റ് | ചുറ്റുമതിൽ അറ്റകുറ്റപ്പണി ഫർണീച്ചർ |

*അവലംബം - സ്കൂൾ രേഖകൾ*

# കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

## 9.8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തനസ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | കെട്ടിടങ്ങളിലെ അറ്റകുറ്റപണികൾക്ക് | ചെലവ് | | | | | | | വരവ് A | | | വരവ് B | | | | ആകെ വരവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഉപകരണങ്ങൾ/ ഫർണ്ണിച്ചറുകൾ അറ്റകുറ്റപണികൾക്ക് | ഉപകരണങ്ങൾ മാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാ-വിനോദങ്ങൾക്ക് | ടെലഫോൺ ബില്ലുകൾക്ക് | ഉച്ചഭക്ഷണത്തിന് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശസ്വയംഭരണങ്ങൾ | ആകെ | പി.ടി.എ. ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ. ഫണ്ട് | മറ്റുമാർഗ്ഗത്തിലുള്ള വരവ് | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| G.L.P.S. വെമ്പിള്ളി | - | - | - | - | - | - | 1415/75 | 911 | - | 911 | - | - | 504/75 | - | - | 504/75 |

*അവലംബം - സ്കൂൾ രേഖകൾ*

# 9.5 അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് : വെമ്പിള്ളി

| ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 മാർക്ക് നേടുന്നവർ | 40-50 ശതമാനം നേടുന്നവർ | 50-60 ശതമാനം നേടുന്നവർ | 60% ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3 | 31 | 6 | 4 | 8 | 7 | 6 | - | - | - | - | - |
| 4 | 19 | 5 | 7 | 1 | 1 | 5 | - | - | - | - | - |
| 5 | | | | | | | | | | | |
| 6 | | | | | | | | | | | |
| 7 | | | | | | | | | | | |
| 8 | | | | | | | | | | | |
| 9 | | | | | | | | | | | |
| 10 | | | | | | | | | | | |
| SSLC പരീക്ഷ എഴുതിയവർ | | | | | | | | | | | |

*അവലംബം - സ്കൂൾ രേഖകൾ*

# 9.4 അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല. | ലാബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | പ്രാരംഭപ്രവർത്തനങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല. | ദൃശ്യ ശ്രവണ ഉപകരണങ്ങൾ-എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96ൽ ലഭിച്ച അധ്യയന ദിവസം. | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അധ്യയന ദിനങ്ങളുടെ എണ്ണം. | മാതൃസംഘം സജീവം/ സജീവമല്ല | ക്ലാസ്സും പിടിഎകൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ്റെക്കോർഡർ | ടി.വി. സെറ്റ് | വി.സി.ആർ/വി.സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ഓവർഹെഡ്പ്രൊജക്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| G.L.P.S. വെമ്പിള്ളി | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | 6 | 192 | - | 8 | ആണ് | പ്രവർത്തിക്കുന്നു. |

# കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

## 9.7 സമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസംഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്ക്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡി തൊഴിലാളി സ്ക്കോളർഷിപ്പ് | മത്സ്യത്തൊഴിലാളി സ്ക്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | G.L.P.S.വെമ്പിള്ളി | - | 31 | - | - | - | - | - | - |

*അവലംബം - സ്ക്കൂൾ രേഖകൾ*

# അനുബന്ധം - 9

## കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്

## 9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

1996

സ്കൂളിന്റെ പേര് : M.C.M.H.S. Pattimattam

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ - 1999-97 | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/STകുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം ഏണ്ണം |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | Nil | | | | | | | | | | | | | | | | | | |
| II | Nil | | | | | | | | | | | | | | | | | | |
| III | Nil | | | | | | | | | | | | | | | | | | |
| IV | Nil | | | | | | | | | | | | | | | | | | |
| V | Nil | | | | | | | | | | | | | | | | | | |
| VI | Nil | | | | | | | | | | | | | | | | | | |
| VII | Nil | | | | | | | | | | | | | | | | | | |
| VIII | 128 | 73 | 201 | 14 | 12 | 26 | 4 | 2 | 6 | 30 | 5 | 35 | 1 | - | 1 | 5 | - | 5 | 6 |
